# HYDEL BULLET

Issue - 2, Vol -10, February 2022

A Monthly Publication of the Kerala State Electricity Board Engineers' Association

## "UTILITY DEATH SPIRAL"

The term "**Utility Death Spiral**" was coined by Lane Sharman, the Executive Director of San Diego Energy District, as when "a utility loses customer revenue from self-generation of electricity from solar or wind or some other technology, it stimulates the utility to raise rates for other customers to preserve its revenue base. This in turn alienates the customers and they shift to alternative sources. The Utility Death Spiral is a scary prospect for the companies concerned. As more customers defect from the grid, demand for electricity decreases. Constant fixed costs inevitably force utilities to raise prices, which in turn encourages more people to leave the grid. With falling solar and storage costs, partial grid defection (which has the same net-effect) is on the rise. In 2013, the Edison Electric Institute (EEI) released a report positing that an eroding revenue stream, declining profits, rising costs, and ever-weakening credit metrics would diminish the ability of electric utilities to survive in an increasingly off-the-grid world.

KSEB Ltd. with its unique customer base will be fast entering into this phenomenon. We have a predominant domestic consumer base. Most of the other Indian utilities have a higher industrial customer base which will somewhat delay this. The demographic population of Kerala consists mostly of middle class with a significant portion of upper middle-class population. Hence a significant portion of domestic consumers possess the purchasing power to have solar panels for their use.

Cont...page 4







Retirement farewell to Er. Sunny John, Chief Engineer (Transmission South)





Retirement farewell to Er. Unnikrishnan T.P., Dy. C.E., Electrical Circle, Kasaragod




Retirement farewell to Er. E.K. Radhakrishnan, Dy. C.E., Transmission Circle, Thodupuzha

**KSEB Engineers' Association Office Bearers 2021 - 22**

**ASSOCIATION**

**President**
Er. Sunil K.

**Vice-Presidents**
Er. G. Shaj Kumar (S)
Er. Nagaraj Bhat K.(N)

**General Secretary**
Er. Geetha V.S.

**Treasurer**
Er. Santhosh E.

**Organising Secretaries**
Er. Kunjunni P.S. (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Nishanth B. (S)
Er. Pramod Kumar M. (N)

**BENEVOLENT FUND**

**Chairman**
Er. Kenny Philip

**Vice Chairman**
Er. Subha T.G.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep. S.V.

**Joint Secretaries**
Er. Anu. P. Mohanan (South)
Er. Vishnu. B.S (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar P.K.
Er. Induchoodan D.R.
Er. Anoop Vijayan
Er. Sreelakshmi L.

**Ex. Officio Members**
Er. Sunil K.
Er. Santhosh E.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Vol - 10 Issue -2 February 2022

## Contents


- Editorial
- കൂട്ടണം : ജനറേഷൻ, കുറയ്ക്കണം : പവർ പർച്ചേസ് *ഒഴിവാക്കണം : വരുമാന നഷ്ടം (തീജ്വാല)* — *Er. എൻ.ടി.ജോബ്*
- എഞ്ചിനീയേഴ്സ് അസോസിയേഷന് പറയാനുള്ളത്....
- The Truth About Employee Cost in KSEBL — *Er. C.P. George*
- കെ.എസ്.ഇ.ബി. ലിമിറ്റഡ് - ഏറ്റവും അത്യാവശ്യം വിതരണ മേഖലയുടെ ഏകീകരണം(Standardization) — ***Er.*** *കെ.ജി. പോറ്റി*
- കൊമ്പുകുത്തി ശോശ *(കഥ)* — *Er. അനീഷ് ഫ്രാൻസിസ്*
- അനാവശ്യ സമരം - അസ്ഥികൂടങ്ങൾ നൃത്തം ചവിട്ടി — *ഗുരുജി*
- മാധ്യമ വിചാരം — *Er. ജെ. സുധാകരൻ നായർ*
- നാടുനന്നാകാൻ - 2 ജീവനും സ്വത്തിനും സംരക്ഷണം — *Er. ഇ.എം. നസീർ*
- അമ്മ *(സുഭാഷിതം)* — *Er. കെ. ശശിധരൻ*
- നന്മകൾ തുടരും *(കവിത)* — *Er. ദീപിക ഡി.റ്റി.*
- Grace and Grattitude — *Er. Thomas Kolanjikombil*
- CEA സുരക്ഷാ നിയമം സംബന്ധിച്ച സുപ്രീം കോടതി വിധിയും KSEBL ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങളും സങ്കീർണ്ണതകളും. — *Er. സി.പി.ജോർജ്*
- Letter — *Er. G.H. Krishna Iyer*

The solar investment in Kerala was on a hold due to some associated political controversies. But with the aid of supporting policies by both Central and State Governments this has now took off and will be into its peak in coming years. An approximate estimate we took from our own repository indicate that at least 100 MW of rooftop solar plants will be installed in Kerala this Financial Year (2021-22) and power will be pumped into the grid. This do not include KSEB sponsored solar projects and does not include on-grid solar projects for which we do not have the data.

The prevailing regulation regarding open access for HT/EHT consumers is another tool aiding this spiral. Consumers opting for open access can purchase/contract cheap power from anywhere in India. Currently Kerala is having around 45 Open Access consumers and the numbers are gradually increasing. Eventhough presently the consumption in this category is not alarming, the provision is being explored by several HT/LT industrial consumers to reduce their input costs. Railway, one of our high demand consumer has alraedy applied for Open access. Most of the public/private sector companies in Kerala are mulling over this option. This will further reduce the requirement of power from KSEB in near future.

Electric Vehicle proliferation and its consumption of electric power was touted as silver line, aiding utilities in this disruption. But the preliminary data arising is not encouraging. Even though the purchase of electric vehicles is on rise, most of the consumers who are purchasing the electric vehicle are installing a solar panel along with the purchase, effectively reducing their consumption.

The phenomenon of solar injection is already creating reactions in the Kerala grid. The day peak demand during this sunny season refuses to move higher. We can soon expect a day peak going below night off-peak. Remember we had a great water year and with prudent water management, we now have dams at historic higher levels. But due to LTAs and low demand we are not able to utilise its advantages. Many utilities have entered in Long Term PPAs which erodes their flexibility in the coming disruptive world. Kerala also have a set of LTAs. We are surrendering the power from these LTAs and are losing a portion of revenue by way of fixed costs. Meanwhile cost of power from solar and other avenues are touching bottoms every day.

Central Government has now postponed presentation of Amendment Bill. Policy makers are aware of the death spiral and expects every utility to be in doldrums in near future. Naturally consumers will be up in arms if services are not delivered correctly. In this modern online era, cheap 24 * 7 power is



കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ
ഫിനാൻസ് ഡയറക്ടറായി നിയമിതനായ
**ശ്രീ. ഹരി വി.ആർ. IRS ന്**
കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ്
അസ്സോസിയേഷന്റെ ആശംസകൾ.

a right and with the high cost of delivery and higher investments required, utilities may not be able to extend this requirement. Remember KSEB is reeling under financial stress due to several reasons. We can expect consumers to support the agenda of privatisation of utilities in near future. Political think tanks will be supporting the public rather than employees in such a situation.

The above facts need to be instilled in everyone's mind especially employees. The way certain employees took the management to ransom recently, citing some non-core issues should have been avoided. Our new Minister and Chairman are aware of the mess KSEB is in. The present management is trying every innovative way to sustain the organisation. It will be prudent to let the management do its maximum to keep us running. The introduction of BESS, E-vehicles, Smart Metering etc. are being explored. We the employees can sustain this organisation only by embracing new technologies, by becoming mean and lean. Confrontation and bringing in politics are not the answer. Or else We are sorry to say we will be fast on road to becoming a "KSRTC". Leaders of Unions and Associations will seek new political abodes and employees will be left to defend themselves for their pension and other benefits. It's for everyone's benefit that extreme steps shall not be resorted in future. We are in such a crucial juncture and our future lies in how we manage and how fast we manage to steer the turns and curves.

In the words of Benjamin Franklin, "*Don't put off until tomorrow what you can do today.*" The utility of tomorrow must look beyond electricity as their core product. They must embrace new technologies and business models that come with. They must embrace data, AI, and a culture of innovation. The only way to steer clear of this death spiral is "Transforming the Organisation". Be ready for a dangerous roller coaster ride in coming years".

✵






**Er. എൻ.ടി. ജോബ്**

*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ*

## കൂട്ടണം : ജനറേഷൻ
## കുറയ്ക്കണം : പവർ പർച്ചേസ്
## ഒഴിവാക്കണം : വരുമാന നഷ്ടം

**കെ.**എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി റെഗുലേറ്ററി കമ്മീഷനു മുമ്പിൽ അടുത്ത അഞ്ചു വർഷത്തേയ്ക്കുള്ള പെറ്റീഷൻ സമർപ്പിച്ചിരിക്കുകയാണ്. പെറ്റീഷനിൽ പുതിയ കാഴ്ചപ്പാടുമായാണ് കമ്മീഷൻ മുന്നിലെത്തിയിരിക്കുന്നത്, അതിൽ പ്രധാനം സംസ്ഥാനത്തിനകത്തുനിന്നുള്ള ജനറേഷൻ കൂട്ടാനുള്ളതാണ്, അതിൽ തന്നെ പ്രാധാന്യം നൽകിയിരിക്കുന്നത് ജല വൈദ്യുതി പദ്ധതികൾക്കാണ്. വൻകിട പദ്ധതികൾക്ക് എതിരെ പലതരത്തിലുള്ള എതിർപ്പുകൾ ഉയരുമെന്ന ആശങ്ക ഉള്ളപ്പോൾ തന്നെ എതിർപ്പുകൾ ഉണ്ടാവാത്ത തരത്തിലുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. അടുത്ത അഞ്ചുവർഷത്തേക്കു ഉദ്ദേശിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞാൽ, അത് വലിയൊരു നേട്ടമായി മാറും, ഇടുക്കിയും മൂഴിയാറും ഇപ്പോഴുള്ള പവർ ഹൗസുകൾക്കു പുറമെ ഓരോ പവർഹൗസുകളും കൂടി നിർമിക്കുന്നതിനു വേണ്ടിയാണ് പദ്ധതിയിട്ടിരിക്കുന്നത്.

**പുതിയ പദ്ധതികൾ**

| | പദ്ധതി | കപ്പാസിറ്റി |
|---|---|---|
| 1. | അപ്പർ ശെങ്കുളം | 24 |
| 2. | പീച്ചാർട് | 3 |
| 3. | വെസ്റ്റേൺ കല്ലാർ | 5 |
| 4. | ലാൻഡ്രം | 3.5 |
| 5. | മാറാമല | 7 |
| 6. | പശുകടവ് | 4 |
| 7. | വാളാന്തോട് | 7.5 |
| 8. | മാരിപ്പുഴ | 6 |
| 9. | ചെമ്പുകടവ് III | 7.5 |
| 10. | ചാത്തൻകോട്ടുനട | 5 |
| 11. | ഒളിക്കൽ | 5 |
| 12. | പൂവ്വാരംതോട് | 3 |
| 13. | മാങ്കുളം | 40 |
| 14. | ഇടുക്കി | 800 |
| | ആകെ | 920.50 |

മുകളിലെ പട്ടികയിലുള്ളതാണ് പുതിയതായി വിഭാവനം ചെയ്തിരിക്കുന്നത്, ഇതിൽതന്നെ പല പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഇപ്പോൾ അവസാന ഘട്ടത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന പദ്ധതികളുണ്ട്. ആ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

**പുതിയ പദ്ധതികൾ**

| | പദ്ധതി | കപ്പാസിറ്റി |
|---|---|---|
| 1. | ഭൂതത്താൻകെട്ട് | 24 |
| 2. | തൊട്ടിയാർ | 40 |
| 3. | പള്ളിവാസൽ ഓഗ്മെന്റേഷൻ | 60 |
| 4. | ചിന്നാർ | 24 |
| 5. | പെരുവണ്ണാൻമുഴി | 6 |
| 6. | പഴശിസാഗർ | 7.5 |
| 7. | പെരിങ്ങൽക്കൂത്ത് | 24 |
| | ആകെ | **185.5** |

ഈ രണ്ടു ലിസ്റ്റിലുള്ള പദ്ധതികളും അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തീർക്കുവാനായാൽ സംസ്ഥാനത്തിന്റെ ജലവൈദ്യുതി പദ്ധതികളുടെശേഷി മൂവ്വായിരത്തി മുന്നൂറായി ഉയരും. ഇതിൽ പല പദ്ധതികളും സീസൺ അടിസ്ഥാനത്തിൽ മാത്രം ഓടുന്നവയാണെങ്കിലും കെ.എസ്.ഇ.ബി.യുടെ ജനറേഷന് അതെല്ലാം മുതൽ കൂട്ടാവും. ചെറിയ ചെറിയ പദ്ധതികളിലൂടെ മഴക്കാലത്തു മാത്രമാണ് ഉല്പാദനമെങ്കിലും ആ സമയങ്ങളിൽ അത്രയും ജനറേഷൻ വൻകിട പദ്ധതികളിൽ കുറയ്ക്കാനായാൽ വെള്ളം സംഭരിക്കാനാവും. ആകെയുള്ള കാര്യം ചെറിയ പദ്ധതികൾ ലാഭകരമാകണമെങ്കിൽ നിർമാണ ചെലവും ഓപ്പറേഷനും മെയിന്റനൻസിനും വരുന്ന ചെലവുകൾ കുറയ്ക്കാൻ കഴിയണം. റഗുലേറ്ററി കമ്മീഷൻ ജലവൈദ്യുതി പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് ഒരു രൂപ മാത്രമാണ് അനുവദിച്ചത്. അതുകൊണ്ട് ചെറിയതാണെങ്കിലും വലുതാണെങ്കിലും ഉല്പാദന ചെലവ് നിയന്ത്രിക്കുവാൻ കഴിയണം. പുതിയ പദ്ധതികളിൽ നിന്നെല്ലാം കൂടി രണ്ടായിരം മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കണക്കുകൂട്ടുന്നത്. അതുവഴി ഇപ്പോഴുള്ള ഏഴായിരം മില്യൺ യൂണിറ്റ് ഉല്പാദനം എന്നത് ഒമ്പതിനായിരം മില്യൻ യൂണിറ്റ് എന്ന നിലയിലേക്കു ഉയർത്തുവാൻ കഴിയും. ഈ പദ്ധതികളിൽ നിന്നുമുള്ള ഉല്പാദനത്തിന് ഇപ്പോഴുള്ള നിരക്കനുസരിച്ച് റഗുലേറ്ററി കമ്മീഷൻ എഴുനൂറുകോടി രൂപയാണ് ഓപ്പറേഷനും മെയിന്റനൻസിനും കൂടി അനുവദിക്കുക. ഇത്രയും യൂണിറ്റ് പവർ പർച്ചേസ്‌വഴി വാങ്ങുകയാണെങ്കിൽ മൂവായിരം കോടി രൂപയെങ്കിലും ഓരോ വർഷവും ചെലവു വരും. ഈ കുറവ് ഉപഭോക്താക്കൾക്ക് താരിഫിലെ കുറവിലൂടെ പ്രതിഫലിക്കും. അതുകൊണ്ട് ജനവികാരം എതിരല്ലാത്ത ജലവൈദ്യുതി പദ്ധതികളെല്ലാം നടപ്പിലാക്കുന്ന ഒരു സമീപനമായിരിക്കും കെ.എസ്.ഇ.ബിയ്ക്ക് നല്ലത്.

ബഹുമാനപ്പെട്ട മന്ത്രി കെ.കൃഷ്ണൻകുട്ടി സാറും ചെയർമാൻ ബി. അശോക്സാറും സംസ്ഥാനത്തിനകത്തുള്ള വൈദ്യുതി ഉല്പാദനം കൂട്ടുന്നതിന് എന്തൊക്കെ ചെയ്യുവാൻ സാധിക്കുമോ ആ കാര്യങ്ങളിലെല്ലാം വളരെ നല്ല നടപടികളെടുക്കുന്നുണ്ട്. അത് വളരെ സന്തോഷമുള്ള കാര്യവുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ പ്രശ്നങ്ങൾക്കും പവർ പർച്ചേസ് മതിയെന്ന ചിന്താഗതിക്കായിരുന്നു മുൻതൂക്കം. അത് മാറിയതു തന്നെ വലിയ കാര്യമായി.

ഇനി സംസ്ഥാനത്തിനു പുറത്തു നിന്നും വരുന്ന വൈദ്യുതിയെ കുറിച്ചും ചിന്തിക്കാം. മൂന്നു തരത്തിലാണ് പുറമെ നിന്നും പവർ വരുന്നത്. (ഒന്ന്) കേന്ദ്രവിഹിതമായി ലഭിക്കുന്നത്, (രണ്ട്) പവർ പർച്ചേസ് എഗ്രിമെന്റുകൾ വഴി ലഭിക്കുന്നത്, (മൂന്ന്) പാരമ്പര്യേതര ഊർജ്ജത്തിനായി റഗുലേറ്ററി കമ്മീഷന്റെ നിബന്ധന അനുസരിച്ച് വാങ്ങുന്നത്.ആദ്യത്തെ രണ്ടു വിഭാഗത്തിനായി ഓരോ വർഷവും എണ്ണായിരത്തി എണ്ണൂറു കോടി രൂപ ചെലവാക്കേണ്ടി വരുന്നു. അതിലൂടെ ലഭിക്കാവുന്ന പരമാവധി കറന്റ് ഇരുപതിനായിരം

മില്യൻ യൂണിറ്റ്. രണ്ടു വിഭാഗവും തമ്മിൽ ചേർത്ത് പരിശോധിച്ചാൽ ഒരു യൂണിറ്റിനു വരുന്ന ചെലവ് നാലുരൂപ നാല്പത്തി രണ്ടു പൈസ യാണ്.

കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് ആയിരത്തി എഴുനൂറ്റി അമ്പതു മെഗാവാട്ടാണ് (1750 MM). അതിലൂടെ പതിനൊന്നായിരത്തി ഇരുനൂറ് (11200 MU) മില്യൻ യൂണിറ്റ് ലഭ്യമാകും. ഇതിനായി നൽകേണ്ടി വരുന്ന ഫിക്സഡ് ചാർജ് ആയിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ചുകോടി രൂപയും കറന്റ് ചാർജ് രണ്ടായിരത്തി തൊള്ളായിരം കോടി രൂപയുമാണ്. ആകെ നാലായിരത്തി നാന്നൂറ്റി നാല്പതു കോടി രൂപ. ഇതുകൂടാതെ സ്വകാര്യ കമ്പനികളിൽ നിന്നും ആയിരത്തി ഇരുന്നൂറ്റമ്പതു (1250 MW) മെഗാവാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്. ഇതിനായി ഫിക്സഡ് ചാർജായി രണ്ടായിരത്തി ഒരു നൂറുകോടി രൂപയും കറന്റ് ചാർജായി രണ്ടായിരത്തി ഇരുന്നൂറു കോടി രൂപയും നൽകേണ്ടി വരുന്നുണ്ട്. ഈ കരാറുകളിൽ നിന്നും ആകെ എണ്ണായിരത്തി അറുനൂറു മില്യൻ യൂണിറ്റ് വൈദ്യുതി ലഭിക്കും. കരാറുകളിലൂടെ വാങ്ങുന്ന വൈദ്യുതിയ്ക്കു വരുന്ന ശരാശരി വില അഞ്ചുരൂപയും കേന്ദ്ര വിഹിതമായി ലഭിക്കുന്നത് നാലു രൂപയ്ക്കുമാണ്. 2022 – 23 ൽ സംസ്ഥാനത്തിന് ആവശ്യമായി കണക്കാക്കുന്നത് ഇരുപത്തിമൂവ്വായിരം മില്യൻ യൂണിറ്റ് (23000 MU) വൈദ്യുതിയാണ്. കേന്ദ്രവിഹിതവും കരാറുകളിൽ കൂടിയുള്ള വൈദ്യുതിയും ചേർന്ന് ഇരുപതിനായിരം മില്യൻ യൂണിറ്റ് ലഭിക്കും. സംസ്ഥാനത്തിനകത്തുള്ള ജലവൈദ്യുതിയിൽ നിന്നും ശരാശരി ഏഴായിരം മില്യൻ യൂണിറ്റ് ലഭിക്കും (7000 MU). അങ്ങിനെ ആകെ ഇരുപത്തിയേഴായിരം മില്യൻ യൂണിറ്റും (27000 MU) ലഭ്യമാണ്. വിഹിതവും കരാറു പ്രകാരവും ജനറേഷനും കൃത്യമായി വന്നാൽ രണ്ടായിരം മില്യൻ യൂണിറ്റ് (2000 MU) വൈദ്യുതി അധികമാവും. ഇത് ഒഴിവാക്കാനായി ജനറേഷൻ കുറച്ചാൽ ഡാമുകളിൽ വെള്ളം മിച്ചമാവും, മഴക്കാലമാവുമ്പോൾ ഈ വെള്ളം തുറന്നുവിടേണ്ടിവരും. അതൊഴിവാക്കണമെങ്കിൽ അധികമുള്ള വൈദ്യുതി സറണ്ടർ ചെയ്യണം. അങ്ങിനെ ചെയ്യുമ്പോൾ ഓരോ യൂണിറ്റ് വൈദ്യുതിക്കും നാലുരൂപ നഷ്ടപ്പെടും. കേന്ദ്രവിഹിതത്തിലും കരാറുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയിലും കുറവുണ്ടാകാറുണ്ട്, അതാണ് നമ്മുടെ രക്ഷ എന്നിരുന്നാലും ഓരോ വർഷവും രണ്ടായിരം മില്യൻ യൂണിറ്റ് വൈദ്യുതി സറണ്ടർ ചെയ്യേണ്ടിവരുന്നുണ്ട്, ഇതിലൂടെ എണ്ണൂറുകോടി രൂപയുടെ നഷ്ടം ബോർഡിനു സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇത്രയും വൈദ്യുതി വാങ്ങി കൂട്ടിയിട്ടിട്ടുള്ളത് കൊണ്ടാണ് ഈ അവസ്ഥ സംജാതമായിരിക്കുന്നത്. ഇതിനു പരിഹാരം എങ്ങിനെയെങ്കിലും നമ്മൾ പുറമെ നിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക എന്നതാണ്. കേന്ദ്ര സർക്കാരിന്റെ തീരുമാന പ്രകാരം ഇരുപത്തിയഞ്ചു വർഷത്തിൽ കൂടുതലായ കേന്ദ്ര നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ പുനഃപരിശോധിക്കാം. ഈ അവസരം മുതലെടുത്തുകൊണ്ട് നാനൂറു മെഗാവാട്ട് ഒഴിവാക്കുന്നതിനുള്ള ശ്രമം ബോർഡ് കൈകൊള്ളുന്നുണ്ടെന്നത് സന്തോ ഷമുള്ള കാര്യമാണ്. എന്തായാലും സെക്യൂരിറ്റി സമരംകൊണ്ട് പലവിധ കാര്യങ്ങളും പുറത്തേക്കു വന്നിട്ടുണ്ട്, അതെല്ലാം ബോർഡിന്റെ നന്മയ്ക്കായി തീരട്ടെ എന്നു വിചാരിക്കാം.

ഒരു ഭാഗത്ത് വൈദ്യുതി അധികമായി നഷ്ടങ്ങൾ വരുത്തിവെയ്ക്കുമ്പോൾ മറ്റൊരു ഭാഗത്ത് അനാവശ്യമായ പദ്ധതികൾ വഴി വരുമാന നഷ്ടവും ഉണ്ടാകുന്നു. ബോർഡി

# എഞ്ചിനീയേഴ്സ് അസോസിയേഷന് പറയാനുള്ളത്...

എഞ്ചിനീയേഴ്സ് അസോസിയേഷൻ എന്ന സംഘടന 1953 ൽ സ്ഥാപിതമായതും അന്നു മുതൽ ഇന്നുവരെ രാഷ്ട്രീയ ചായ്‌വുകളില്ലാതെ തികഞ്ഞ പ്രൊഫഷണലിസത്തോടെ പ്രവർത്തിക്കുന്നതുമാണ്.

KSEBoard ന്റെയും പിന്നീട് KSEBLന്റെയും പ്രവർത്തനങ്ങളിൽ ഉറച്ച പിന്തുണ കൊടുത്തു കൊണ്ടും തെറ്റായ നയങ്ങളെ അതാത് സമയങ്ങളിൽ ചൂണ്ടിക്കാണിച്ചുകൊണ്ടും രാജ്യ നന്മയ്ക്കും സമൂഹത്തിന്റെയും, ഉപഭോക്താക്കളുടെയും നന്മയ്ക്കുമായി യാതൊരു സ്വാർത്ഥ ലാഭങ്ങളും പ്രതീക്ഷിക്കാതെ പ്രവർത്തിച്ചുവരുന്നവരാണ് ഞങ്ങൾ. യാതൊരു രാഷ്ട്രീയ പക്ഷവും പിടിക്കാതെയും അങ്ങനെ കിട്ടുമായിരുന്ന സ്ഥാനമാനങ്ങൾ വേണ്ട എന്ന ഉറച്ച നിലപാട് എടുത്തു കൊണ്ടും മുന്നോട്ടു പോകുന്ന എൻജിനീയർമാർ അംഗങ്ങളായ സംഘടനയാണ് ഞങ്ങളുടേത്.

അതാത്കാലങ്ങളിൽ സ്ഥാപന നേതൃത്വം കൈക്കൊണ്ടിട്ടുള്ള നയങ്ങളിൽ ഞങ്ങളുടെ നിലപാടുകൾ വളരെ സുതാര്യമായിത്തന്നെ സ്ഥാപന നേതൃത്വത്തെ അറിയിച്ചിട്ടുള്ളതും ഞങ്ങളുടെ 'ഹൈഡൽ ബുള്ളറ്റ്' എന്ന പ്രസിദ്ധീകരണത്തിലൂടെ സമൂഹത്തിനു മുൻപിൽ തുറന്നു വച്ചിട്ടുള്ളതുമാണ്.

ഫെബ്രുവരി 14-ന് വൈദ്യുതി ഭവൻ തിരുവനന്തപുരം ആസ്ഥാനത്തു നടന്ന ഇടതുപക്ഷ തൊഴിലാളി യൂണിയനുകളുടെയും ഇടതുപക്ഷ ഓഫീസർ സംഘടനകളുടെയും സമരത്തിന്റെയും അതിനുശേഷം ബഹുമാനപ്പെട്ട CMD ഡോ. അശോക് ഒഫിഷ്യൽ ഫേസ്ബുക് പോസ്റ്റിലൂടെ പുറപ്പെടുവിച്ച സന്ദേശത്തിന്റെയും മറുപടിയായി CITU /OA സംഘടനകളുടെ ഭാരവാഹികളും അംഗങ്ങളും സാമൂഹ്യ മാധ്യമങ്ങളിലൂടെ KSEB എഞ്ചിനിയേഴ്സ് അസോസിയേഷൻ എന്ന സംഘടനയെ അപകീർത്തിപ്പെടുത്തുന്ന ചില പ്രസ്താവനകൾ നടത്തിയതായി ശ്രദ്ധയിൽ പെട്ടു. ഇത് എഞ്ചിനിയേഴ്സ് അസോസിയേഷൻ എന്ന സംഘടനക്കെതിരെ പൊതു

⇗

ന്റെ വരുമാനത്തിൽ കുറവുമാത്രം ഉണ്ടാകുന്ന ചില പദ്ധതികളുണ്ട്. അത്തരം പദ്ധതികൾക്ക് ബോർഡിന്റെ ഫണ്ട് ഉപയോഗിക്കുകയും അദ്ധ്വാനം നൽകുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ വരുമാനം കുറയ്ക്കുക കൂടി ആയാലോ, അത്തരം പദ്ധതികൾ ബോർഡ് ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കരുതെന്ന അഭ്യർത്ഥനയാണ് ഉള്ളത്. ഏതു പദ്ധതി വിഭാവനം ചെയ്യുമ്പോഴും അത് ബോർഡിന് നന്മ വരുത്തുന്നതാവണം. നേരത്തെ പ്ലാനിംഗ് വിഭാഗത്തിലുണ്ടായിരുന്നവരുടെ കാഴ്ചപ്പാടുകളുടെ ആകെത്തുകയാണ് ഇത്രയും അധികം മിച്ചമാവുന്നതിനു കാരണം. അവസാനമായി പറയുവാനുള്ളതു ഇതുമാത്രം. സംസ്ഥാനത്തിനകത്തുള്ള വൈദ്യുതി ഉല്പാദനത്തിന് ഒരുരൂപ മാത്രം ചെലവു വരുമ്പോൾ അത് പരമാവധി കൂട്ടാനുള്ള ശ്രമമാണ് വേണ്ടത്. അഞ്ചുരൂപയ്ക്കു പുറമെ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ അളവ് അത്യാവശ്യത്തിനായി പരിമിതപ്പെടുത്തുക; കൂടാതെ ബോർഡിനു വരുമാനനഷ്ടം ഉണ്ടാക്കുന്ന പദ്ധതികൾ ഒഴിവാക്കുക. ബോർഡിന്റെ ഭാവി ശോഭനമാവും.... ശോഭനമാവണം.

ജനങ്ങളുടെ ഇടയിലും ജീവനക്കാരുടെ ഇടയിലും തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമമാണെന്ന് ഞങ്ങൾ തിരിച്ചറിയുകയും അത്തരം ശ്രമങ്ങളെ ശക്ത മായി അപലപിക്കുകയും ചെയ്യുന്നു.

സ്വന്തം തോന്നിവാസങ്ങൾക്കും അഴിമതി കൾക്കും സ്വജനപക്ഷപാതത്തിനും കൂട്ടുനിൽ ക്കാത്തവരെ മാത്രമല്ല, തെറ്റുകൾ ചൂണ്ടിക്കാ ണിക്കുയോ വിരുദ്ധ അഭിപ്രായം പറയുകയോ ചെയ്യുന്നവരെയും ബോർഡ് വിരുദ്ധരായും സർക്കാർ വിരുദ്ധരായും ചിത്രീകരിക്കുവാൻ ഇക്കൂട്ടർ ശ്രമിക്കുന്നതോടൊപ്പം തങ്ങൾ വിചാരിക്കുന്ന രീതിയിൽ തന്നെ ബോർഡിന്റെ ദൈനംദിന പ്രവത്തനങ്ങൾ ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിക്കുകയും ചെയ്യുന്നു.

സ്വന്തം സംഘടനയിൽപ്പെട്ട ചീഫ് എഞ്ചിനീയർമാർ പോലും സമ്മർദ്ദം താങ്ങാ നാവാതെയും തെറ്റായ തീരുമാനങ്ങൾ എടുക്കാൻ താല്പര്യമില്ലാത്തതിനാലും ഉപേക്ഷിച്ചുപോയ ലാവണങ്ങൾ എൻജിനീ യേഴ്സ് അസോസിയേഷനിൽ അംഗങ്ങളായ ചീഫ് എഞ്ചിനീയർമാർ വിരട്ടലുകൾക്ക് വശം വദരാകാതെയും പരാതികൾക്ക് ഇടമില്ലാത്ത വിധവും സുതാര്യമായി പ്രവർത്തിക്കുന്നതും, പ്രശംസ പിടിച്ചുപറ്റുന്നതും ഇവർക്ക് അസഹ നീയമാവുന്നത് സ്വാഭാവികം.

ബഹുമാനപ്പെട്ട CMD ഡോ. അശോക് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളിൽ എല്ലാക്കാലത്തും എന്നപോലെ വിഷയത്തിന്റെ മെറിറ്റ് നോക്കി ഞങ്ങളുടെ സംഘടന പിന്തുണ കൊടുത്തു വരുന്നു. അല്ലാതെ മറ്റു ചില രാഷ്ട്രീയ സംഘടനകൾ ചെയ്യുന്നതുപോലെ ഭരണ കാര്യങ്ങളിൽ കൈ കടത്തുകയോ രാഷ്ട്രീയ, വ്യക്തി ലാഭത്തിനായി നേതൃത്വത്തെ സമ്മർദ്ദത്തിലാക്കി തീരുമാനങ്ങൾ എടുപ്പി ക്കുകയോ ചെയ്യുന്നത് ഞങ്ങളുടെ രീതിയല്ല. സമൂഹത്തിനും ജീവനക്കാർക്കും ഉപഭോക്താ ക്കൾക്കും ഗുണകരമല്ലാത്ത കാര്യങ്ങളെ മുൻപും എതിർത്തിട്ടുണ്ട്, ഇനിയും എതിർക്കു കയും ചെയ്യും. അതെ പോലെ ഗുണകരമായ കാര്യങ്ങളെ രാഷ്ട്രീയമായി കണ്ട് എതിർ ക്കേണ്ട ബാധ്യത ഞങ്ങൾക്കില്ല.

SISF ന്റെ വിന്യാസത്തിൽ സുവ്യക്തമായ അഭിപ്രായം മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ലോഡ് ഡെസ്പാച്ച് സിസ്റ്റ ത്തിന്റെ ബാക്കപ്പ് സംവിധാനവും സംസ്ഥാന മൊട്ടാകെയുള്ള ഡാറ്റ കേന്ദ്രവും സ്ഥിതി ചെയ്യുന്ന വൈദ്യുതി ഭവൻ അതീവ സുരക്ഷ മേഖലയായി തന്നെയാണ് കണക്കാക്കപ്പെടേ ണ്ടത്. ലോഡ് ഡെസ്പ്പാച്ച് ബാക്കപ്പ് സംവി ധാനത്തിൽക്കൂടി ഒരാൾക്ക് ഫിസിക്കൽ അക്സസ്സിലൂടെ നാഷണൽ പവർ നെറ്റ് വർക്കിന്റെ മൊത്തം അക്സസ്സ് കിട്ടുവാനുള്ള സാധ്യത നിലനിൽക്കെ അവിടെ SISF സുരക്ഷ അത്യന്താപേക്ഷിതമാണെന്ന് ഞങ്ങൾ കരുതുന്നു. അതിനാൽ തന്നെ അത്തരം സുരക്ഷാ സംവിധാനത്തെ പിന്തുണക്കുകയും ചെയ്യുന്നു. അതിനാൽ ദുഷ്ടലാക്കോടെയുള്ള കുപ്രചാരണങ്ങളെ അതിന് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നു.

✵



**Ishaani R. Kamath**, daughter of Ranjit kumar V, Deputy Chief Engineer, O/o CE (DS), has been selected for the INSPIRE Scholarship by the Department of Science and Technology ( DST), Govt. of India. She is currently pursuing her BSMS course at IISER (Indian Institute of Science Education and Research), Thiruvananthapuram.

# THE TRUTH ABOUT EMPLOYEE COST IN KSEBL



**Er. C.P. George**
*Deputy Chief Engineer (Rtd.)*

## Introduction

The employee strength and employee cost are very much related, and the concern of the consumers and public must be always related to the cost reflected on their energy bill. Hence it is better to focus on the net employee cost aspect linked with the employee strength required for efficient performance of KSEBL under various functional responsibilities.

The employee cost in KSEBL is always in the news due to its projected higher MAN: MW ratio. As per the data in the annual reports of Government of India on the performance of the state power utilities & electricity department, a higher level of employee cost for KSEBL is projected.

Based on this data, it is projected that the employee cost in KSEBL is too high. Some used it as a tool for advocating indiscriminate cut in the permanent employee strength and advocated for the abolishment of some critical posts of engineers and scrapping some inevitable functions like relay testing, meter testing and equipment testing by using permanent employees. It is obvious that those advocating such changes are illiterate and ignorant about the power system operations and have no clue about relevance of the protection systems, condition monitoring, automation and advanced metering infrastructure requirement in ensuring grid safety, grid security and supply of quality power with reliability and safety.

I may submit that many have fallen into the trap of these propaganda without spending enough time and energy to filter the truths from the junk of accounts before airing their opinion!

Instead of going for superficial treatments based on the projected numbers, we need to analyze the realities that lead to the projected employee cost and go for correct solutions through appropriate reforms to arrive at a competitive figure in employee cost (employee per MWh or energy sold). The employee cost must be evaluated based on actual ground realities like asset management, health/age of the asset, level of automation and mechanization, level of safety requirement etc. for the efficient and effective performance of the organization.

As such, it is observed that the immature observations based on presumptions and projections arrived

from the unprofessionally fed data is being used to create an image of high employee cost and ended up in demotivating the hard-working employees in KSEBL.

A per the recent annual integrated rating of State Power Utilities issued by MoP through PFC, KSEBL achieved a grade of **B+** and it is defined as a performance of average operational and financial performance capability.

*"High employee expenses which stood at 32.2% of total revenue and relatively high O&M cost which stood at 6.0% of total revenue as stated in FY 2017 report"* is considered as one of the major concerns.

But a careful study of the reports provides an insight into the quantum of wrong data which leads to the over projection of employee cost which is considered as the most important concern for poor performance.

We need to understand the real meaning of the term "employee cost" and the cost accounted against the term as projected in power industry based on relevant statutes and policies. *Employee cost must be the cost of employees employed to maintain the assets and allied works for ensuring the supply of electricity to the consumers along with the collection of the revenue*. The cost of employees used for asset creation (*Capital works*) or other services (*like deposit works, consultancy works, solar survey, K-phone, hydel tourism, energy conservation etc.*) need to be accounted separately and booked accordingly. The comparison is reasonable only if there is functional equality in responsibility and works done by the employees in the relevant utilities considered for the comparison.

KSEBL is in the business of Generation, Transmission and Distribution of electricity to all classes of consumers in the state of Kerala and the data for the entire function of KSEBL as an integrated utility is compared with distribution utilities of different states. The Key strengths, the key concerns and actionable were also stated in the report.

It is interesting to note that the performance of KSEBL as an integrated utility has been compared with other distribution utilities based on the data provided by KSEBL itself!

As per Section 61 of the electricity act, the generation, transmission, distribution, and supply of electricity are conducted on commercial principles. This means that each function needs to be managed in such a way that they are commercially sustainable independently, need to be accounted accordingly and their performance must be evaluated separately. This will helps to identify and locate the flaws, draw back and strengths in the operational efficiencies of each function and to decide upon appropriate correction.

*When KSEBL is yet to classify and account its assets functionally, yet to attach its employees to various functional dependent activities and using the same*

*employees for various services which have no direct relation with O&M of the assets attached to the relevant business units; how the comparison made by a third agency, or anyone based on the data supplied by a vertically integrated utility can be reasonable or reliable*?

Frankly, I cannot agree with some aspects in the Key strengths or key concerns pointed out by the study report or any such report due to the quality of data or inappropriate data provided to them by KSEBL for evaluation and comparison.

Comparing of the salary cost / employee strength of a vertically integrated utility (which is functioning with a civil wing for the generation projects and many other employees involved in the execution of relevant capital works or other services) with distribution utilities of unbundled electricity boards, functioning fully under the relevant provisions of the electricity act and its subordinate regulations, shall never provide the ground realities about the workload or the performance of the employees in the vertically integrated utility, KSEBL.

While comparing the employee cost with other states; we need to think about the functional structure, work classification and accounting mechanisms used by those Power Generation Companies, State Transmission Utilities and Distribution Licensees. The comparison is genuine only if the mechanism of execution (the extent of contract works, and contract employees used for execution of various Operation and Maintenance works) is comparable. When permeant employees with better expertise and skill are used predominantly for O&M works, a higher salary expense projection is natural. But same shall be compensated with better performance / useful life of the operating assets and lower contract expenses. Another important aspect is the compliance of correct accounting of the expenses in appropriate account heads through appropriate system of accounting by the different utilities in comparison. As such, the evaluation of employee cost need to be done holistically in total functional perspective and not in isolation when KSEBL as utility is still vertically integrated without proper functional unbundling.

Almost all the states have restructured their power sector in a functional way. Generation, Transmission and Distribution activities are clearly marked as distinct activities and the interfacing points are fixed. *In some states these interfacing points are demarcated with time synchronized meters to have correct account of energy transaction in real time.*

Have we demarcated the KSEBL assets functionally between transmission and distribution? Where is the interfacing point between transmission function and distribution functions in a substation? Without correct demarcation of assets

between transmission and distribution function, how the components of O&M including R&M cost and employee cost can be functionally estimated and accounted? The requirement of the salary cost or employee strength and R&M cost is very much depending upon the O&M requirement of the assets available with the utility.

Even before the era of the electricity act 2003, most of the states were done the functional division and marked the activities in generation transmission and distribution as exclusive functions along with distinct functional structure. The accounting mechanism for the Capital works and O & M works are distinct and exclusive. I am sure that a professional evaluation of employee activities by comparing the functional activities of the employees in those states with lowest Man: MW ratio with activities of the field employees in KSEBL will provide us with the reasons for high Man: MW ratio in KSEBL provide enough data to improve functional efficiency, if required. The comparison between the employee costs is relevant only when all the state utilities are placed in the envisaged playing ground (as envisaged by the electricity act 2003, subordinate rules, regulations, documents and restructuring programs) by their respective State Governments and relevant regulations by SERCs. Evaluating the present functions undertaken by the Generation, Transmission, Distribution and SLDC wings of KSEBL shall provide us with the true facts and the reasons for the projected employee cost in KSEBL.

Another important aspect that needs to be considered in factoring the salary cost / employee strength is the mechanism of execution of O&M functions. That is, departmental execution of O&M functions and contractual execution of O&M functions. Where quality of service and useful life of the assets are of paramount importance in power sector, skilled and experienced staff, technicians, and engineers in permanent cadre is preferred than contracting the service to ensure better service with quality and reliability along with better useful life of the core assets. Here we need to consider the performance of the KSEBL assets with the extended life which guarantee higher level of savings through zero loan cost and zero depreciation charges.

The real effect of right quantum of Capital investment in O&M requirement also need to be accounted when making comparison with other utilities. A good capital investment in the sector ensures better performance and reliability of the assets which in turn shall reduce the O&M cost. This is particularly true for KSEBL which is maintaining large quantity of assets with expired useful life. A comparison of capital invest by KSEBL with those utilities with low MAN-MW ratio during the past few decades shall provide enough insight to the issue.

*(To be contiuned..)*

# കെ.എസ്.ഇ.ബി. ലിമിറ്റഡ് – ഏറ്റവും അത്യാവശ്യം വിതരണ മേഖലയുടെ ഏകീകരണം (standardization)



*Er. കെ.ജി. പോറ്റി*
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ*

KSEBL ഡിസ്ട്രിബ്യൂഷൻ മേഖലക്ക് ഏറ്റവും ആവശ്യം standardization ആണ്. അത് ലൈനുകളുടെയും മറ്റ് installation ന്റെയും മാത്രമായി ചുരുക്കി കാണരുത്. ശരിയായ ആവശ്യം procedures ന്റെ standardization ആണ്.

**എന്താണ് സ്റ്റാൻഡേഡൈസേഷൻ?**

ഇപ്പോൾ നമ്മൾ ജോലികൾ നടപ്പാക്കുന്നതിന് അവലംബിച്ചു വരുന്ന മാർഗങ്ങളെയും രീതികളെയും (Ways and means-procedures) ഇതേ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മറ്റ് സ്ഥാപനങ്ങളിലുള്ള രീതികളോടും മാർഗങ്ങളോടും തുല്യമാക്കുന്നതിനെ - അല്ലെങ്കിൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനെയാണ് ഇവിടെ സ്റ്റാൻഡേർഡൈസേഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

സ്റ്റാൻഡേർഡൈസേഷൻ നടപ്പാക്കുന്നതിലൂടെ ഒരു സ്ഥാപനം അതിന്റെ പ്രവർത്തനങ്ങളെ കുറേകൂടി സുഗമമാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ പല ഓഫീസുകളിൽ പലതരത്തിൽ നടന്നുവരുന്ന രീതികളും ഓരോ ഓഫീസിലും വത്യസ്ത ഗുണനിലവാരത്തിൽ നിർമിക്കപ്പെടുന്ന ലൈനുകളും വത്യസ്ത രീതിയിൽ നടത്തപ്പെടുന്ന മെയിന്റനൻസ് ജോലികളും, ഉപയോഗിക്കപ്പെടുന്ന മെറ്റീരിയലുകളും എല്ലാം ഈ പ്രോസസ്സിലൂടെ കടന്നുപോകുന്നതോടെ വിതരണ മേഖലയിലെ എല്ലാ ഓഫീസുകളിലും ഒരു ഏകീകൃത രൂപം കൈവരുകയും സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വർക്ക് നടത്തൽ, മെറ്റീരിയൽസ് (inventory control) എന്നിവ കുറേക്കൂടി കാര്യക്ഷമമാകുകയും ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സംബന്ധിച്ചിടത്തോളം ഒരു മാതൃക ലഭ്യമാകുകയും ചെയ്യും. ഇച്ഛാശക്തിയോടെ നടപ്പാക്കിയാൽ സ്ഥാപനത്തിന്റെ മുഖച്ഛായ തന്നെ മെച്ചപ്പെടുത്താൻ ഈ പ്രക്രിയ കൊണ്ട് സാധ്യമാകും.

**ഏതൊക്കെയാണ് പരിഷ്കരിക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ?**

നമ്മുടെ ജോലികളെ പുതിയ നിർമാണ പ്രവർത്തനങ്ങൾ (Projects), നിലവിലുള്ള പ്രതിഷ്ഠാപനങ്ങളെയും ഉപഭോക്തൃ കണക്ഷനുകളെയും നിലനിർത്തൽ (Operation & Maintenance), വിൽക്കുന്ന വൈദ്യുതിയുടെ വില കൃത്യമായി പിരിച്ചെടുക്കൽ (Revenue collection) എന്നിങ്ങനെ പ്രധാനമായി മൂന്നായി തിരിക്കാം .

ഓരോ മേഖലയിലെയും നിലവിലെ പ്രശ്നങ്ങൾ അല്ലെങ്കിൽ പോരായ്മകൾ എന്തെന്ന് നോക്കാം.

1. പുതിയ നിർമാണ പ്രവർത്തനങ്ങളിലും (Projects) പുതിയ പദ്ധതികളുടെ ആസൂത്രണത്തിലും (Planning) നടത്തിപ്പിലും (Execution) സമഗ്രമായ മാറ്റം ആവശ്യമാണ്. പദ്ധതികൾ മിക്കപ്പോഴും മുകളിലെ ഏതെങ്കിലും ഓഫീസിൽ തീരുമാനിക്കപ്പെടുന്ന ലക്ഷ്യങ്ങൾ (Objectives - for example OH Lines, new distribution transformers , reconductoring) ഓരോ സർക്കിൾ, ഡിവിഷൻ തലത്തിലേക്കും അളവ് (Quantity or target) നിശ്ചയിച്ച് ഡിവിഷൻ തലത്തിൽ ഓരോ സെക്ഷനിലേയ്ക്കും എത്ര quantity ചെയ്യണമെന്ന നിർദേശം

കൊടുക്കുകയും ആ അളവിലേക്ക് വേണ്ട ജോലികൾ ഓരോ സെക്ഷനും പദ്ധതിയായി ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇത് തികച്ചും അശാസ്ത്രീയവും ചെയ്യുന്ന ജോലിയിൽ നിന്ന് ശരിയായ പ്രയോജനം ലഭിക്കാത്തതുമായ രീതിയാണ്. ഓരോ പ്രദേശത്തിനുമനുസരിച്ച് അവിടുത്തെ പോരായ്മകളെ പരിഹരിക്കുന്നതും ഇപ്പോഴുള്ളതിലും മികച്ച വരുമാനം നേടാൻ പര്യാപ്തവുമായ ജോലികളെ കണ്ടുപിടിക്കുക എന്നതാണ് ആശാസ്യമായ രീതി. ഇതിന് system parameters അടിസ്ഥാനപ്പെടുത്തി കൃത്യമായ data ആവശ്യമാണ്. അത്തരം ജോലികൾ ചെയ്തു തീർത്താലുടൻ ഉദ്ദേശിച്ച പ്രയോജനം ലഭിച്ചോ എന്ന് ശാസ്ത്രീയമായി പരിശോധിക്കപ്പെടേണ്ടതും (Technical audit) ആണ്.

കൂടാതെ സെക്ഷനുകളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് കൂടുതൽ വരുമാനമുള്ള സെക്ഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്ഥാപനത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിന് പരിഗണനകൊടുക്കുന്ന രീതിയിലേക്ക് മാറേണ്ടതുണ്ട്.

നമ്മൾ ചെയ്യുന്ന ഓരോ ജോലിയും ഒരു എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ അല്ലെങ്കിൽ maintenance work ആണല്ലോ. അപ്പോൾ അതിന് ശരിയായ ഒരു procedure വേണം.

ഒരു new construction വർക്കിന് ആദ്യം വേണ്ടത് scope, Time, cost, quality എന്നിവ കൃത്യമായി define ചെയ്യുക എന്നതാണ്. അതിനു ശേഷം ഉപയോഗിക്കേണ്ട equipment, materials എന്നിവയുടെ specification ഇതുരണ്ടും ഉൾപ്പെടുത്തി ടെൻഡർ ചെയ്താൽ 2 വർഷം warranty യോടെ നമ്മുടെ work ചെയ്യിക്കാൻ പറ്റില്ലേ? പ്രീ-ക്വാളിഫിക്കേഷൻ ഉള്ള കോൺട്രാക്ടർമാരെ മാത്രം പങ്കെടുപ്പിക്കണം. Petty contractor concept മാറ്റണം.

Execution agency യെ തീരുമാനിച്ചു കഴിഞ്ഞാൽ Work ചെയ്യുന്നതിന് ആദ്യം vendor approval, (tender specifications അനുസരിച്ച് ലഭ്യമാവുന്ന പല make-കളിൽ നിന്ന് bidder select ചെയ്യുന്നവ approval എടുക്കുന്ന step), തുടർന്ന് എഞ്ചിനീയറിംഗ് drawing approval, approval of site acceptance test formats എന്നിവയും വേണം. Work Schedule അപ്രൂവലിനു സമർപ്പിക്കണം. അതിനു ശേഷമാണ് work execution. Work execute ചെയ്യുന്നതിന് മുൻപ് Factory Acceptance Test reports verify ചെയ്യേണ്ടതുണ്ട്. Work ചെയ്യുന്നതോടൊപ്പം Site Acceptance Tests നമ്മൾ witness ചെയ്ത് certify ചെയ്ത് പോകുന്നു.

Work ചെയ്തതിന് ശേഷം as built drawing സമർപ്പിക്കുന്നു. അതോടെ ആ ജോലി ഒരു clear chapter ആവുന്നു.

Engineering Design approvals കൊടുക്കുന്നതിന് സർക്കിൾ തലത്തിൽ സംവിധാനം ആവശ്യമാണ്. ഓരോ ജോലിയും unique ആയതുകൊണ്ട് ഓരോ ജോലിക്കും design / drawing approval ആവശ്യമാണ്. Approved drawing അനുസരിച്ച് മാത്രം നിർമിക്കുന്നത് കൊണ്ടും Approved Materials മാത്രം ഉപയോഗിക്കുന്നതുകൊണ്ടും നിലവിലെ രീതിയിൽ നിന്ന് ഏറെ മെച്ചപ്പെട്ട രീതിയിൽ construction വർക്ക് നടത്താനാവും. ഗുണനിലവാരത്തിൽ ഗണ്യമായ മെച്ചപ്പെടുത്തൽ ഉണ്ടാവുകയും അതുവഴി ലൈനുകളുടെ വിശ്വാസ്യത (Reliability) കാര്യമായി കൂടുകയും outages കുറയുകയും maintenance ന് ചെലവാക്കപ്പെടുന്ന പണവും സമയവും ഗണ്യമായി കുറയുകയും ചെയ്യും. SCM ലൂടെ കൃത്യമായും ഗുണനിലവാരമുള്ളതുമായ material സമയത്തിന് ലഭ്യമാകുന്നില്ല. Circle, Division തലത്തിൽ വാങ്ങുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്താനാവുന്നില്ല. ഇത് നിലവിലെ Plan work execution നെ വലിയ തോതിൽ ബാധിച്ചതായി 2018 മുതൽ ഇങ്ങോട്ടുള്ള ദ്യുതി വർക്കുകളുടെ ഡീറ്റെയിൽസ് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. എങ്കിൽ പിന്നെ മെറ്റീരിയൽ സപ്ലൈ ചെയ്യു

ന്നത് കോൺട്രാക്ടറുടെ സ്കോപ്പിൽ ഉൾപെടു ത്തരുതോ?

ശരിയായ specification തയ്യാറാക്കുകയും ടെൻഡർ conditions കൃത്യമായി നിർവചിക്കു കയും FAT certificates, SAT format എന്നിവ കൃത്യമായി പാലിക്കുകയും ചെയ്താൽ ഇത് സാധ്യമല്ലേ?

**2. Operation & Maintenance Standardization :**

ദിവസവും പുതുതായിവരുന്ന ജോലി കളും ദ്യുതി ജോലികളും സ്റ്റാഫിന്റെ ലഭ്യത ക്കുറവും കാരണം മിക്ക ഓഫീസുകളിലും മെയിന്റനൻസ് ജോലികൾ കൃത്യമായി നടക്കു ന്നില്ല. അതുകൊണ്ടു തന്നെ ഡിവിഷൻ/ സബ് ഡിവിഷൻ തലത്തിൽ മെയിന്റനൻസ് ജോലി കൾക്കായി പ്രത്യേക ടീം സജ്ജമാക്കുന്ന താണ് കുറേക്കൂടി നല്ലത് .

Routine Maintenance ന് മൂന്ന് രീതി കൾ പൊതുവെ ലഭ്യമാണ്.

ഓരോ ഓഫീസിലെയും മൊത്തം ക്രിട്ടി ക്കൽ installations ലിസ്റ്റ് ചെയ്ത് annual maintenance plan തയ്യാറാക്കി എല്ലാ equipment/ installation നെയും planned maintenance നടത്തുക എന്നതാണ് ആദ്യത്തെ രീതി.

ഇതിൽ standardization ന്റെ ഭാഗമായി ഓരോ equipment നുമുള്ള maintenance ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും അവിടെ ജോലിക്ക് നിയോഗിക്കപ്പെടുന്ന ടീം ചെക്ക് ലിസ്റ്റ് അനുസ രിച്ച് ജോലികൾ ചെയ്ത് forms fill ചെയ്ത് equipment availability ഉറപ്പാക്കുക എന്നതാണ് രീതി. ഈ രീതി അവലംബിക്കുന്നതിലൂടെ എല്ലാ critical installations ഉം പരിപാലിക്ക പ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാവും.

Maintenance ടീം പ്രത്യേകമായി സജ്ജീകരിക്കുന്നതു കൊണ്ട് മൊത്തത്തിൽ ഉപയോഗിക്കപ്പെടുന്ന materials , maintenance procedure, മൊത്തത്തിൽ വാങ്ങി സൂക്ഷിക്കേ ണ്ട maintenance spares എന്നിവയുടെ കാര്യ ത്തിലും ഗണ്യമായ മെച്ചപ്പെടുത്തൽ സാധി ക്കും.

രണ്ടാമത്തെ രീതി മികച്ച ഗുണ നിലവാരമുള്ള equipments വാങ്ങുകയും അതിന്റെ Original Equiment Manufacturer (OEM) നു തന്നെ Annual Maintenance Contract കരാർ കൊടുക്കുകയും ചെയ്യുക എന്നതാണ് .ഇത് നമ്മുടെ പോലെയുള്ള സ്ഥാപനങ്ങളിൽ പൂർണമായും നടപ്പാക്കൽ വിഷമകരമാണ്. .

മൂന്നാമത്തെ രീതി Condition Monitoring ചെയ്യുകയും പ്രശ്നമുള്ളവ മാത്രം മെയിന്റ നൻസ് നടത്തുകയും ചെയ്യുക എന്നതാണ്. ഇതിന് Thermal Imaging Camera പോലുള്ള ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കേണ്ട തായിട്ടുണ്ട്. എന്നാൽ പുറമെയുള്ള സ്ഥാപന ങ്ങൾ അവലംബിക്കുന്നതും ഏറ്റവും ചെലവ് കുറഞ്ഞതും ഫലപ്രദവുമായ രീതി ഇതാണ്.

**3. Revenue Management:**

നിലവിൽ revenue പ്രവർത്തനങ്ങളിൽ ഉത്തരവാദിത്തം സംബന്ധിച്ച് വ്യക്തതക്കുറ വുണ്ട്. ട്രാൻസ്മിഷനിൽ നിന്ന് നമ്മുടെ സെക്ഷൻ സ്വീകരിച്ച വൈദ്യുതിയുടെ അളവ്, ഉപഭോക്താക്കൾക്ക് വിറ്റ വൈദ്യുതിയുടെ അളവ്, പിരിച്ചെടുക്കേണ്ട തുക,കളക്ഷൻ എഫിഷ്യൻസി, കിട്ടാക്കടങ്ങൾ തിരിച്ചുപിടി ക്കൽ ഇവയൊക്കെ പൂർണ്ണമായും revenue വിഭാഗത്തിന്റെ ഉത്തരവാദിത്തമാക്കുകയും SS തന്റെ ടീമിലുള്ള SE , SA, ഓവർസീർ, ലൈൻമാൻ തുടങ്ങിയവരുമായി ചേർന്ന് ഈ ജോലികൾ പൂർണ്ണമായി നിർവഹിക്കുകയും വേണം. ഈ ജോലികളിൽ നിന്ന് AE മാരെ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുകയും പ്രീ-പെയ്ഡ് ബില്ലിംഗ്ലേക്ക് മാറുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഗവർമെന്റ് കുടിശ്ശിക കൾ കാലതാമസം കൂടാതെ സ്ഥാപനത്തി ലേക്ക് കിട്ടുന്നതിന് ആവശ്യമായ നയരൂപീ കരണവും അത്യാവശ്യമാണ്. .

# ‘കൊമ്പുകുത്തി ശോശ’



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**ഒന്നാമത്തെ ലിഫ്റ്റ് :**

‘‘സർ നാളെ കാറിലാണോ ഓഫീസിലേക്ക് പോകുന്നത് ?’’

ഒരു ദിവസം രാത്രി എന്റെ കൂടെ ജോലിചെയ്യുന്ന മുണ്ടക്കയക്കാരൻ ജിനോ എന്നെ വിളിച്ചുചോദിച്ചു.

“അതെ. എന്താടാ?”

“എങ്കിൽ ഞാനും കൂടെ വരട്ടെ. എന്റെ ബൈക്ക് കേടായി.

“ഓക്കെ.”

‘‘സാർ പിന്നെ എന്റെ തൊട്ടടുത്ത വീട്ടിലെ ഒരു ചേട്ടനു നാളെ കോട്ടയംവരെ പോകേണ്ട ആവശ്യമുണ്ട്. പുള്ളിയും നമ്മുടെ കൂടെ വരുന്നതിൽ കുഴപ്പമുണ്ടോ? പുള്ളി എനിക്കിടയ്ക്ക് ലിഫ്റ്റ് തരുന്നതാണ്.”

‘ഓ നാലഞ്ചു മാസംമുൻപ് ഹർത്താലിന് ഓഫീസിലേക്ക് വന്നത് അങ്ങേരുടെ ബൈക്കിലാണല്ലേ?” ഞാൻ ചോദിച്ചു.

“അതെ. അന്ന് ജെയ്സൺ ചേട്ടനാണ് എനിക്ക് ലിഫ്റ്റ് തന്നത്. ഹോ ഈ സാറിന്റെ കാര്യം. എന്നാ ഓർമ്മശക്തിയാ.’’ ജിനോ എന്നെ പുകഴ്ത്തി. അതെനിക്ക് ഇഷ്ടപ്പെട്ടു.

എന്റെ പകുതി പ്രായമേ ഉള്ളു ജിനോയ്ക്ക്. ഇടയ്ക്ക് ഞങ്ങൾ ഒരുമിച്ചാണ് ഓഫീസിലേക്ക് പോകുന്നത്. എന്റെ ജീവിതനിരീക്ഷണങ്ങളും തള്ളുകളും ആ പാവം പയ്യന്റെ മേലാണ് ഞാൻ ഇടയ്ക്കിടെ പരീക്ഷിക്കുന്നത്. എന്റെ ഒന്നു രണ്ടു പുസ്തകങ്ങളും അവൻ വായിച്ചിട്ടുണ്ട്. അതുകൊണ്ടൊക്കെ ചെക്കന് എന്നെ ഭയങ്കര ബഹുമാനമാണ്. ഞാൻ പറയുന്ന പല കാര്യങ്ങളും അവൻ വെള്ളം തൊടാതെ വിഴുങ്ങും.

‘‘അത് പോട്ടെ. നിന്റെ ജെയ്സൺ ചേട്ടന്റെ ബൈക്കിനെന്തു പറ്റി? അതോ മുണ്ടക്ക

---

**കൃത്യമായ വിവരങ്ങളുടെ അഭാവം:**

നിലവിൽ ഒരു സെക്ഷനിൽ തന്നെ എവിടൊക്കെ reconductoring നടത്തി, എന്തൊക്ക പ്രതിഷ്ഠാപനങ്ങളിൽ maintenance ചെയ്തു, ഏതൊക്കെ make equipment ഉണ്ട്, ഏത് ലൈനുകൾ ഏത് കാലഘട്ടത്തിൽ പണിതതാണ്, ഉപയോഗിച്ചിരിക്കുന്നത് ഏത് conductor ആണ് തുടങ്ങി തീരുമാനങ്ങൾ എടുക്കുന്നതിനാവശ്യമായ പ്രധാന വിവരങ്ങൾ പോലും നമ്മുടെ വിതരണ വിഭാഗം സെക്ഷൻ ഓഫീസുകളിൽ ലഭ്യമല്ല. ഓരോ സെക്ഷനിലെയും HT ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, LT ലൈനുകൾ എന്നിവ കൃത്യമായി map ചെയ്യുകയും ഇവയിൽ തുടർ ജോലികൾക്ക് തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റ് നിലവിലെ installation സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചതുമാണെങ്കിലേ duplication ഒഴിവാക്കാനാവൂ.

ഇങ്ങനെ ഘടനാപരവും ദീർഘവീക്ഷണത്തോടു കൂടിയതുമായ മെച്ചപ്പെടുത്തലുകൾ കൊണ്ടുവന്നാൽ മാത്രമേ വിതരണ മേഖല മെച്ചപ്പെടുകയുള്ളൂ. അതിലൂടെ മാത്രമേ ഉപഭോക്താക്കളുടെ അംഗീകാരവും അപകടരഹിതമായി ജോലികൾ ചെയ്യാനുള്ള നിലവാരമുള്ള ലൈനുകളും കൃത്യമായ വിവരങ്ങളുടെ ലഭ്യതയും സാധ്യമാകൂ.

✵

യത്തു ബൈക്കുകൾ കേടാകുന്ന എന്തെങ്കിലും പ്രവണത പടരുകയാണോ?' ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

"അതല്ല സാർ. പുള്ളിക്കാരൻ കുറച്ചു നാളായി ബൈക്ക് ഓടിക്കുന്നില്ല." ജിനോ പറഞ്ഞു.

"അതെന്തു പറ്റി?" ഞാൻ തിരക്കി.

'അത്...നാളെ നേരിട്ട് കാണുമ്പോൾ പറയാം." അവൻ പറഞ്ഞു.

"ഓക്കേ..."

"ആ..പിന്നെ സാർ... ജെയ്സൺചേട്ടനോട് ബൈക്കിന്റെ കാര്യമൊന്നും ചോദിക്കണ്ട കേട്ടോ. പുള്ളി ഇറങ്ങി കഴിഞ്ഞിട്ട് ഞാൻ വിശദമായി കാര്യം പറയാം." ജിനോ പറഞ്ഞു.

പിറ്റേന്ന് ഞാൻ കാറുമായി ജിനോയെയും സുഹൃത്തിനെയും കാത്തുനിന്നു. അൽപ്പ സമയം കഴിഞ്ഞപ്പോൾ രണ്ടു പേരും മുണ്ടക്കയത്തുനിന്ന് ബസ്സിൽ വന്നിറങ്ങി.

കാറിൽ കയറിയയുടനെ ജിനോ ജെയ്സനെ എനിക്കു പരിചയപ്പെടുത്തി. അയാൾക്ക് ഏകദേശം മുപ്പത് വയസ് തോന്നിച്ചു. നല്ല പൊക്കമുള്ള വെളുത്ത നിറമുള്ള ചെറുപ്പക്കാരൻ. സൗമ്യമായ മുഖം. നീണ്ട താടി. പതിഞ്ഞ സംസാരം. ജെയ്സൺ മുണ്ടക്കയത്തു ഒരു സ്റ്റിച്ചിംഗ് യൂണിറ്റു നടത്തുകയാണ്.

"സാറേ ഷർട്ടോ പാന്റോ തയ്പ്പിക്കാൻ ഉണ്ടെങ്കിൽ ജെയ്സൺചേട്ടനോട് പറഞ്ഞാൽ മതി. കോട്ടയം ടൗണിലെ വലിയ ടെക്സ്റ്റൈൽസിൽനിന്ന് വരെ ജെയ്സൺ ചേട്ടന് വർക്ക് വരുന്നുണ്ട്."

ജിനോ പറഞ്ഞു.

"ഹേയ്. അത്രയ്ക്ക് ഒന്നുമില്ല." ജെയ്സൺ വിനയപൂർവ്വം ചിരിച്ചു.

"ആഹാ അടിപൊളി. ഇപ്പൊ അതിന്റെ ആവശ്യത്തിനാണോ കോട്ടയത്തിനു പോകുന്നത്?" ഞാൻ അയാളോട് ചോദിച്ചു.

"അതെ. കൊറോണ ഒക്കെ മാറി സ്കൂൾ ഒക്കെ തുറന്നല്ലോ. യൂണിഫോമിന്റെ ഓർഡർ വരുന്നുണ്ട്. അതിന്റെ കാര്യങ്ങൾ ഒന്ന് സെറ്റ് ചെയ്യാനാണ്." അയാൾ പറഞ്ഞു.

'നല്ല കാര്യം. കൊറോണ ഒന്ന് മാറിയാൽ പിന്നെ ബിസിനസ് ഒക്കെ പച്ച പിടിക്കും." ഞാൻ പറഞ്ഞു.

ഞങ്ങൾ കോട്ടയം എത്തുന്നതുവരെ ഓഫീസിലെ കാര്യങ്ങളും തമാശകളും ഒക്കെ പറഞ്ഞു യാത്ര ചെയ്തു. ജെയ്സൺ അധികം സംസാരിച്ചില്ല. ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ കേട്ടിരുന്നതല്ലാതെ അയാളുടെ മനസ്സ് ഇവിടെയെങ്ങും അല്ല എന്നെനിക്ക് തോന്നി. ഒരു മൂകത അയാളുടെ മുഖത്ത് തളം കെട്ടിനിന്നു. ഇടയ്ക്കിടെ അയാൾ പുറത്തേക്ക് നോക്കും. പിന്നെ ഞങ്ങളുടെ സംസാരം ശ്രദ്ധിക്കുന്നതായി ഭാവിക്കും. ഏറിയ സമയവും അയാൾ എന്തോ ആലോചനയിലായിരുന്നു.

"ജെയ്സൺ ചേട്ടാ കഞ്ഞിക്കുഴിയായി. എവിടെയാണ് ഇറങ്ങുന്നത്?" ജിനോ ചോദിച്ചപ്പോഴാണ് അയാൾ ചിന്തയിൽ നിന്നുണർന്നത്.

"ഓ, കോട്ടയമായല്ലേ... എന്നെ ശീമാട്ടീടവിടെ ഇറക്കിയാൽ മതി." ജെയ്സൺ പറഞ്ഞു.

"അവിടെ നിർത്താം. പക്ഷെ ഇറക്കത്തൊന്നുമില്ല; തന്നെ ഇറങ്ങണം." ഞാൻ ഒരു വളിച്ച വിറ്റടിച്ചു. അത് കേട്ടു ജെയ്സൺ ചിരിച്ചു. കാറിൽനിന്നിറങ്ങുന്നതിനു മുൻപ് ലിഫ്റ്റ് തന്നതിന് അയാൾ താങ്ക്സ് പറഞ്ഞു.

"ടാ അയാൾ ഒരു സൈലന്റ് കക്ഷിയാണല്ലേ?'' ജെയ്സൺ പോയതിനുശേഷം ഞാൻ ജിനോയോട് ചോദിച്ചു.

''അല്ല സാർ. ഞങ്ങടെ പള്ളിയിൽ പണ്ടൊരു നാടകട്രൂപ്പ് ഉണ്ടായിരുന്നു. ഇടവക പെരുന്നാളിന് ബൈബിൾ നാടകം ഒക്കെ വരുമ്പോൾ ക്രിസ്തുവായി അഭിനയിക്കുന്നത് ജെയ്സൺ ചേട്ടനായിരുന്നു. അന്നൊക്കെ പുള്ളി നല്ല ആക്ടീവായിരുന്നു. ഒരു പ്രശ്നം ഉണ്ടായതിനുശേഷമാണ് പുള്ളി ഇങ്ങനെയായത്." ജിനോ പറഞ്ഞു.

“എന്ത് പ്രശ്നം?”

“സാറിന് മുണ്ടക്കയത്തിനടുത്തു കൊമ്പു കുത്തിമല എന്ന സ്ഥലം അറിയാമോ?”

“ഇല്ല.”

“അപ്പൊ ശോശയെക്കുറിച്ച് സാറ് കേട്ടു കാണില്ല.”

“ശോശയോ?”

“അതെ. കൊമ്പുകുത്തി ശോശ.” അങ്ങനെയാണ് കൊമ്പുകുത്തി ശോശയെക്കുറിച്ചുള്ള കഥ ഞാൻ കേൾക്കുന്നത്.

**രണ്ടാമത്തെ ലിഫ്റ്റ് :**

മുണ്ടക്കയത്തുനിന്ന് കുറച്ചകലെയുള്ള ചെന്നാപ്പാറ എന്ന ഗ്രാമപ്രദേശത്തായിരുന്നു ജെയ്സന്റെ വീട്. അയാളുടെ വീടിരിക്കുന്ന ഭാഗത്തേക്ക് എളുപ്പമെത്താനുള്ള ഒരു വഴിയാണ് കൊമ്പുകുത്തി മല. റബ്ബർത്തോട്ടങ്ങൾ മാത്രമുള്ള വിജനപ്രദേശം. ഒരു ദിവസം രാത്രി വൈകി ജെയ്സൺ അതു വഴി ബൈക്കിൽ പോവുകയായിരുന്നു. രാത്രി ഒരു പതിനൊന്നു കഴിഞ്ഞുകാണണം. റബ്ബർത്തോട്ടങ്ങൾക്കിടയിലൂടെയുള്ള നാട്ടുവഴി. നല്ല മഞ്ഞുണ്ട്, നിലാവും. അപ്പോഴാണ് ജെയ്സൺ ആ കാഴ്ച്ച കണ്ടത്. അകലെ റോഡരികിലൂടെ കൈലിയും ചട്ടയുമണിഞ്ഞ ഒരു സ്ത്രീ വിറകു കെട്ടുമായി പോകുന്നു. ജെയ്സൺ അരികിലെത്താറായപ്പോഴേക്കും അവർ വിറകുകെട്ട് കയ്യാലയിൽ ചാരി തലച്ചുമടായി ഉപയോഗിച്ച തോർത്തെടുത്ത് മുഖത്തെ വിയർപ്പ് തുടയ്ക്കാൻ തുടങ്ങിയിരുന്നു. ജെയ്സൺ അവരുടെ അരികിൽ ബൈക്ക് നിർത്തി.

“ഹോ മടുത്തു പോയി മോനെ.” അവർ ചിരിച്ചുകൊണ്ട് പറഞ്ഞു.

ആ സ്ത്രീക്ക് ഒരു എൺപത് വയസ്സിനു മുകളിൽ പ്രായം തോന്നിച്ചു. മുഖത്താകെ ചുളിവുകൾ. വെളുത്ത ചട്ടയിൽ മണ്ണിൽക്കിടന്ന് ഉരുണ്ടതുപോലെ ചളി പുരണ്ടിരിക്കുന്നു. കാതിൽ കിടക്കുന്ന സ്വർണ്ണകുണുക്കുകൾ നിലാവിൽ മിന്നി. ആ സ്ത്രീയുടെ വെള്ളിമുടി നാരുകൾ കാറ്റിൽ പറന്നു.

‘‘എവിടെയാ ചേടത്തീടെ വീട്?’’ ജെയ്സൺ ചോദിച്ചു.

‘‘ഞാൻ ശോശ. ആ കൊമ്പുകുത്തി മലേടെ കീഴെയാ വീട്. അവിടെയൊരു കുളമില്ലേ... അതിന്റെ അടുത്താണ്.”

“അവിടെ കുളമുണ്ടോ... അതെനിക്കറിയില്ലായിരുന്നു.”

‘‘ഒണ്ട്... അവിടെയെല്ലാം വട്ടയും പെരിഞ്ചീരകവും വളർന്നു മൊത്തം കാടാ... അതിന്റെയെടെലാ കൊളം. അതുകൊണ്ടാ വഴിയേ പോകുമ്പോ കാണാൻ മേലാത്തെ.

അതു പറഞ്ഞിട്ട് അവർ മെല്ലെ മുൻപോട്ടു നടക്കാൻ തുടങ്ങി.

“വിറകു കൊണ്ടുപോകുന്നില്ലേ?”

“ഓ ഇല്ല മോനെ. ഇനി രാവിലെ മോന്റെ മോൻ വന്നു എടുത്തോണ്ട് പോകും. എനിക്ക് വയ്യ.” അവർ പറഞ്ഞു.

‘‘ചേടത്തി എങ്കിലൊരു കാര്യം ചെയ്യ്. ബൈക്കിൽ കേറിക്കോ. അവിടെ ഇറങ്ങാം.” ജെയ്സൺ പറഞ്ഞു.

കിഴവി ആദ്യം എതിർത്തെങ്കിലും ജെയ്സൺ നിർബന്ധിച്ചപ്പോൾ ബൈക്കിന്റെ പിറകിൽ കേറി.

‘‘മുറുക്കെ പിടിച്ചോ..’’ ജെയ്സൺ പറഞ്ഞു. എന്നിട്ട് വണ്ടി മുൻപോട്ടെടുത്തു. ബൈക്കിൽ ഇരുന്നു വൃദ്ധ അധികം സംസാരിച്ചില്ല.

നാലോ അഞ്ചോ മിനിട്ടിനുള്ളിൽ ബൈക്ക് കൊമ്പുകുത്തി മലയുടെ അരികിലെത്തി. വട്ട മരങ്ങൾ തിങ്ങി കാടുപോലെ വളർന്ന പ്രദേശം. കാറ്റിൽ പെരിഞ്ചീരകത്തിന്റെയും വഴയനയിലയുടെയും ഗന്ധം. കാട്ടിനുള്ളിൽ ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന വലിയ കുളം. നിലാവ് പ്രതിഫലിച്ച കുളത്തിന്റെ ഒരു ഭാഗം പൊട്ടിയ കണ്ണാടിച്ചില്ല് പോലെ കാണപ്പെട്ടു.

ബൈക്കിൽ നിന്നിറങ്ങിയ ശേഷം കിഴവി ഒന്നും പറയാതെ കുളത്തിന്റെ സമീപത്തേക്ക് നടന്നകന്നു. അവരുടെ പെരുമാറ്റത്തിൽ അയാൾക്ക് നല്ല നീരസം തോന്നി. എന്നാൽ പിന്നീടു സംഭവിച്ചത് ജെയ്സൺ ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമായിരുന്നു.

അവർ നടപ്പ് നിർത്തി തിരിഞ്ഞു നിന്നു. എന്നിട്ട് ജെയ്സണെ നോക്കി ഒരു പുഴുത്ത തെറിവാക്ക് ഉച്ചരിച്ചുകൊണ്ട് കൈലി പൊക്കി കാണിച്ചു. പിന്നെ ഉറക്കെയുറക്കെ പൊട്ടിച്ചിരിച്ചു.

ആ നിമിഷം ആരോ ചെയ്യിക്കുന്നത് പോലെ ജെയ്സൺ ബൈക്ക് സ്റ്റാർട്ട് ചെയ്തു മുൻപോട്ട് പായിച്ചു. അൽപ്പം മുൻപോട്ടു നീങ്ങിയപ്പോൾ ജെയ്സൺ ഒരു സ്വരം കേട്ടു. കുളത്തിൽ ഭാരമേറിയ എന്തോ ഒന്ന് പതിക്കുന്ന സ്വരം. എന്നാൽ ഒരു കാരണവശാലും വണ്ടി നിർത്തരുത് എന്ന് ആരോ ഉള്ളിലിരുന്നു പറഞ്ഞു. അയാൾ അതിവേഗതയിൽ വണ്ടി പായിച്ചു.

വീട്ടിൽ എത്തുന്നത് വരെ ജെയ്സന്റെ മനസ്സൊരു പ്രത്യേക അവസ്ഥയിലായിരുന്നു.

ചിന്തകൾ ഒഴിഞ്ഞു ശൂന്യമായ അവസ്ഥ. ഒരുതരം നിശബ്ദത.

ബൈക്ക് വീടിന്റെ മുറ്റത്ത് വച്ചശേഷം സീറോ വാട്ട് ബൾബിൽ പ്രകാശിച്ചു നിൽക്കുന്ന സിറ്റൌട്ടിലെ ക്രിസ്തുവിന്റെ തിരുഹൃദയ രൂപം കണ്ട നിമിഷമാണ് അയാൾക്ക് ബോധം വന്നത്. അത്രയും നേരം താൻ ഒന്നിനെക്കുറിച്ചും ആലോചിചില്ലല്ലോ എന്ന കാര്യം അയാൾ അത്ഭുതത്തോടെ ഓർത്തു.

അയാളുടെ ഭാര്യ ഉറങ്ങാതെ കാത്തിരിക്കുകയായിരുന്നു. എത്ര വൈകിവന്നാലും കുളിച്ചശേഷമേ ജെയ്സൺ ഭക്ഷണം കഴിക്കൂ. നിറുകയിലൂടെ തണുത്ത വെള്ളം ഒഴുകിയപ്പോഴാണ് വെളിപാട് പോലെ ഒരു ചിന്ത അയാളുടെ മനസ്സിൽ വന്നത്.

പാതിരാത്രിയിൽ ആരാണ് വിറകുകെട്ടും ചുമന്നു കൊണ്ട് പോവുക? അതും ഒരു കിഴവി!

ആർക്കും ദഹിക്കാത്ത ഒരു കാര്യമായിട്ടും താൻ എന്തുകൊണ്ടാണ് അവരോട് അതിനെക്കുറിച്ച് ചോദിക്കാഞ്ഞത്? അവരെ കണ്ട നിമിഷം മുതൽ തന്റെ ചിന്താശക്തി അടഞ്ഞു പോയത് എന്തു കൊണ്ടാണ്?

അവർക്ക് എന്തെങ്കിലും സംഭവിച്ചു കാണുമോ? പക്ഷേ എന്തുകൊണ്ടോ തിരിച്ചു പോയി നോക്കാഞ്ഞതിൽ അയാൾക്ക് അപ്പോഴും കുറ്റബോധം തോന്നിയില്ല. അത് നന്നായി എന്ന് തന്നെയാണ് അയാളുടെ മനസ്സു അപ്പോഴും പറഞ്ഞത്. കുളി കഴിഞ്ഞു തോർത്തിക്കൊണ്ടിരിക്കുമ്പോഴും തന്റെ മനസ്സിന്റെയും ചിന്തകളുടെയും വിചിത്രമായ പെരുമാറ്റത്തിൽ ജെയ്സൺ വീണ്ടും അത്ഭുതപ്പെട്ടു.

അയാൾ കുളിച്ചതിനു ശേഷം ഭക്ഷണം കഴിക്കാനിരുന്നു.

''എന്താ ഇത്ര താമസിച്ചത് ?'' ഭാര്യ വിളമ്പുന്നതിനിടയിൽ തിരക്കി.

"ഓ.. ഇന്ന് കുറച്ചു വർക്ക് കൂടുതലുണ്ടായിരുന്നു. അതിന്റെയിടയിൽ വരുന്ന വഴിക്ക് കൊമ്പുകുത്തീൽ വച്ചൊരാൾക്ക് ലിഫ്റ്റ് കൊടുത്തു."

"നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ... അതിലേ വരുമ്പോൾ ഒത്തിരി താമസിക്കരുതെന്ന്." അകത്തെ മുറിയിലിരുന്നു അതുകേട്ട ജയ്സന്റെ അപ്പൻ അയാളെ വഴക്ക് പറഞ്ഞു.

"അതെന്താ ചാച്ചാ?" അടുക്കളയിലേക്ക് കറികൾ എടുക്കാനായി പോയ ഭാര്യ ഉറക്കെ ചോദിച്ചു.

"ഒത്തിരി രാത്രിയായാൽ അതിലെ പണ്ട് ആരും പോകത്തില്ലായിരുന്നു. എന്റെ ചെറുപ്പത്തിൽ ഒരു സംഭവം ഉണ്ടായതാ. കൊമ്പുകുത്തിമലേടെ താഴെ ഒരു കുളമുണ്ടായിരുന്നു. ഒരു പ്രായമായ തള്ള വിറകുകെട്ടുമായി പോകുന്നതിനിടയിൽ കാൽ വഴുതി ആ കുളത്തിൽ വീണ് ചത്തു. പല കഥകൾ പ്രചരിച്ചു. അവർക്ക് ചെറിയ വട്ടുണ്ടായിരുന്നു. വട്ടുമൂത്ത് തന്നെ ചാടിയതാണ് എന്ന് ചിലർ പറഞ്ഞു.

എന്നാൽ അവരുടെ മോന്റെമോൻ തള്ളിയിട്ടു കൊന്നതാണ് എന്നും പറച്ചിലുണ്ടായിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കാൻ വേണ്ടി."

"ഓ.."

"കൊമ്പുകുത്തി ശോശ എന്നായിരുന്നു അവരുടെ പേര്. അവരുടെ പ്രേതത്തെ പിന്നീടും പലരും ആ ഭാഗത്ത് വച്ച് കണ്ടിട്ടുണ്ട്. രാത്രിയിൽ വിറകുംകെട്ടു ചുമന്നുകൊണ്ട് പോകുന്ന നിലയിൽ. ചിലപ്പോൾ കുളത്തിൽ ആരോ വീഴുന്ന ഒച്ച കേൾക്കാം. ചെന്ന് നോക്കിയാൽ പ്രേതത്തെ കാണും. നമ്മുടെ ഇഞ്ചിയാനിയിലെ എന്റെ പേരപ്പന്റെ ഇളയ മോൻ തോമസ് ശോശയെ കണ്ടു പേടിച്ചു വട്ടായി പോയതാ."

ഭക്ഷണം കഴിക്കുന്നതിനിടയിൽ ആ സംഭാഷണം കേട്ടുകൊണ്ടിരുന്ന ജെയിസന്റെ ഉള്ളിലൂടെ ഭീതിയുടെ ഒരു ഇടിമിന്നൽ കടന്നു പോയി. തന്റെ തോളിൽ മഞ്ഞുകട്ട പോലെ ആ ചുക്കിച്ചുളിഞ്ഞ വിരലുകൾ സ്പർശിക്കുന്നു. ശിരസ്സിനുള്ളിൽ ആ വൃദ്ധയുടെ പൊട്ടിച്ചിരി. കാതിൽ കുളത്തിലേക്ക് ആരോ വീഴുന്ന സ്വരം.

അടുക്കളയിൽ നിന്ന് കറികളുമായി തിരിച്ചു വന്ന ഭാര്യ കണ്ടത് തീൻമുറിയിൽ ബോധമറ്റു കിടക്കുന്ന ജെയ്സനെയാണ്.

**മൂന്നാമത്തെ ലിഫ്റ്റ് :**

"എന്റെ സാറേ നാല് ദിവസം പുള്ളി പനിച്ചു കിടന്നു. അതിൽപ്പിന്നെ പുള്ളി ബൈക്കിൽ കേറില്ല. മെന്റലി പ്രശ്നമായി. ആരോടും മിണ്ടാതെ വീട്ടിൽത്തന്നെയിരുനു കുറെനാൾ. പിന്നെ ഏതൊക്കെയോ സൈക്യാട്രിസ്റ്റ്മാരെ കണ്ടു ചികിത്സ ഒക്കെ നടത്തിയാണ് അൽപ്പമെങ്കിലും റെഡിയായത് "ജിനോ പറഞ്ഞു.

"ഓ..പക്ഷേ..."

"സാർ കഥയൊക്കെ എഴുതുമല്ലോ. സാറിനു പ്രേതമുണ്ടെന്നു വിശ്വാസമില്ലേ?" അവൻ അവിശ്വസനീയതയോടെ ചോദിച്ചു.

ഞാനൊന്നമ്പരന്നു.

"അതിപ്പോ...ആൾക്കാരെ പറ്റിക്കാനായി ചിലപ്പോഴൊക്കെ എഴുതുമെന്നല്ലാതെ... പിന്നെ സ്പിരിച്വലായും മെറ്റാഫിസിക്കലായും ഒക്കെ നോക്കിയാൽ..." ഞാൻ കാടു കേറി വിഷയം മാറ്റാൻ ശ്രമിച്ചു.

"സ്പിരിറ്റും കഞ്ചാവും ഒക്കെ വിട്. സിമ്പിൾ ക്വസ്റ്റ്യൻ.പ്രേതം ഉണ്ടോ ഇല്ലയോ?"

"അറിയില്ല." ഞാൻ തോൽവി സമ്മതിച്ചു.

"ഇപ്പൊ പോയ ജെയ്സൺ ചേട്ടൻ കൊമ്പുകുത്തി ശോശയെ നേരിട്ട് കണ്ടതാണ്. ആ പേടി കാരണമാണ് പുള്ളി ഇപ്പഴും ബൈക്കിൽ കേറാത്തെ. കൊമ്പുകുത്തിയിൽ അങ്ങിനെ ഒരു കൊളോം കാടുമില്ല, അതെല്ലാം ഒരു മായക്കാഴ്ചയാരുന്നു. ഏതായാലും കൊമ്പുകുത്തി വഴി പോകാൻ പേടി കാരണം പുള്ളി ചെന്നാപ്പാറയിലെ സ്ഥലം വിറ്റ് മുണ്ടക്കയം ടൌണിലോട്ട് മാറി. ഇനിയും സാറിനു വിശ്വാസമായില്ലേ, ഞാൻ എന്നാ പറയാനാ.."

"ടാ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നില്ല എന്നല്ല പറഞ്ഞത്. സാധാരണഗതിയിൽ പ്രേതാനുഭവങ്ങൾ ഉണ്ടാകുമ്പോൾ ആളുകൾ പേടിക്കുന്നത് പ്രേതത്തിന്റെ സാന്നിധ്യം ഉള്ളപ്പോഴാണ്. ഇവിടെ ഇയാൾ പേടിച്ചു പനിക്കുന്നതും മറ്റും പിന്നീടാണ്. അതായത് താൻ കണ്ടത് പ്രേതത്തെയാണ് എന്ന് അറിയുമ്പോ... അത് മൊത്തത്തിലങ്ങോട്ട് ദഹിക്കുന്നില്ല."

"സാറിനു അയാളുടെ അവസ്ഥ മനസ്സിലാവാഞ്ഞിട്ടാണ്."

"അതൊന്നുമല്ല. ഈ പ്രശ്നം കുറച്ചുകൂടി അനലൈസ് ചെയ്താലേ കൃത്യമായി പറയാൻ പറ്റൂ. ഇതിൽ ഉഡായിപ്പ് ഉണ്ടോ ഇല്ലയോ എന്നുള്ളത്."

"എന്ത് അനാലിസിസ്?"

"ഫോർ എക്സാമ്പിൾ, കൊമ്പുകുത്തി ശോശയെക്കുറിച്ച് ജെയ്സൺ മുൻപ് കേട്ടിട്ടില്ല

എന്ന് വിശ്വസിക്കാൻ എനിക്ക് കഴിയുന്നില്ല. ജെയ്സന്റെ ചാച്ചൻ പറയുമ്പോഴാണ് ശോശയെക്കുറിച്ച് അയാൾ ആദ്യമായി കേൾക്കുന്നത് എന്നാണു നീ പറഞ്ഞത്. ജെയ്സന്റെ അപ്പൻ അയാളുടെ ചെറുപ്പകാലത്ത് കൊമ്പുകുത്തി ശോശയെക്കുറിച്ച് കേട്ടിരുന്നു. അതയാൾ സ്വന്തം മോനോട് അതിനു മുൻപേ പറഞ്ഞു കാണില്ലെ?'

"ചിലപ്പോൾ ജെയ്സൺ ചേട്ടൻ മറന്നതാണെങ്കിലോ?അല്ലെ വേണ്ട പുള്ളിയുടെ ചാച്ചൻ ഈ കഥ അപ്പോൾ തന്നെയാണ് പറയുന്നതെങ്കിലും എന്താണ് കുഴപ്പം?'

"അത് വിട്. പ്രേതങ്ങൾ എന്ന് പറഞ്ഞാൽ മനുഷ്യരിൽ നിന്ന് എന്തെങ്കിലും വ്യത്യാസം കാണില്ലേ. ഇതിപ്പോൾ മനുഷ്യരുമായ് ഒരു വ്യതാസവുമില്ലാത്ത പ്രേതം."

''സാറ് തന്നെ പറഞ്ഞിട്ടില്ലേ? കാലു നിലത്തു തൊടാതെ പൊങ്ങി നീങ്ങുന്ന വെള്ള സാരിയുടുത്ത പ്രേതം എന്നൊക്കെ പറയുന്നത് അബദ്ധധാരണകളാണ്. മനുഷ്യൻ തന്നെ ശരീരത്തിന്റെ കവചം സ്വീകരിച്ച ഒരു ആത്മാവ് മാത്രമാണ് എന്നൊക്കെ."

"അതൊക്കെ ശരിയാണ്. പക്ഷേ എന്തോ ഒരു ഉഡായിപ്പ് പോലെ.."

"ഒരു ഉഡായിപ്പുമില്ല. സാറിനെക്കൊണ്ട് പറ്റില്ല. ശോശയുടെ കഥയിൽ അൽപ്പമെങ്കിലും ഉഡായിപ്പുണ്ടെന്നു തെളിയിച്ചാൽ സാറിനു ഒരു ഫുൾ ഞാൻ വാങ്ങിച്ചു തരും."

അതോടെ എനിക്ക് ദേഷ്യം വന്നു.

''ശരി ബെറ്റ്. ഇതിന്റെ പിന്നിലെ ഉഡായിപ്പ് ഞാൻ കണ്ടുപിടിക്കും.'' ഞാൻ ആവേശത്തോടെ പറഞ്ഞു.

അന്ന് വീട്ടിൽ ചെന്നിട്ടു ഞാൻ കൂലങ്കഷമായി ചിന്തിച്ചു. എത്ര ആലോചിച്ചിട്ടും എനിക്കാ കഥ പൂർണ്ണമായി ദഹിച്ചില്ല. മുണ്ടക്കയംകാരനായ മറ്റൊരു സുഹൃത്തിനെ വിളിച്ചപ്പോൾ കൊമ്പുകുത്തി ശോശ എന്ന പ്രേതാത്മാവിന്റെ കൂടുതൽ കഥകൾ കേട്ടു. ജെയിസന്റെ പോലെ സമാനമായ അനുഭവങ്ങളായിരുന്നു അതും.

ദിവസങ്ങൾ കടന്നുപോയി. ജോലിത്തിരക്കിനിടയിൽ ഞാൻ കൊമ്പുകുത്തി ശോശയുടെ കാര്യം മറന്നു. ഇടയ്ക്കിടെ ബെറ്റിന്റെ കാര്യം ജിനോ ഓർമ്മിപ്പിക്കും. ഞാനും അവനും ശോശയുടെ കഥ പറഞ്ഞു തർക്കിക്കും.

മാസങ്ങൾ കടന്നു.

ഒരു ദിവസം വൈകുന്നേരം ഞാൻ കോട്ടയത്ത് നിന്ന് കാറിൽ വരികയായിരുന്നു. കോട്ടയത്ത് നിന്ന് പോരുമ്പോൾ ആകാശം മൂടിക്കെട്ടിയിരുന്നു. പാമ്പാടിയായപ്പോൾ മഴ വീണു തുടങ്ങിയിരുന്നു. വാഴൂരെത്തിയപ്പോൾ ആർത്തലച്ചു പെയ്യുന്ന മഴയായി.

ഞാൻ സ്പീഡ് കുറച്ചു. മങ്ങിയ വെള്ളക്കടലാസ് പോലെ മഴ പാതയെ പൊതിഞ്ഞു.

പെട്ടെന്നാണ് ഞാൻ അത് ശ്രദ്ധിച്ചത്. റോഡരികിലെ ഷട്ടർ ഇട്ട കടയുടെ മുൻപിൽ മഴ നനയാതിരിക്കാൻ കയറിനിൽക്കുന്ന ബൈക്ക് യാത്രക്കാരൻ . അത് ജെയ്സനല്ലേ?

ഞാൻ വണ്ടി നിർത്തി.

അതെ. അതയാൾ തന്നെ.

അയാളിപ്പോൾ ബൈക്ക് ഒക്കെ ഓടിക്കാൻ തുടങ്ങിയോ? ഞാൻ കൗതുകത്തോടെ ചിന്തിച്ചു.

എന്നെ കണ്ടതും അയാൾ ഓടി വന്നു. ഞാൻ ഡോർ തുറന്നു കൊടുത്തു.

"സാറേ..എന്നാ ഒണ്ട് വിശേഷം?." വണ്ടിയിൽ കയറിയിരുന്നു തൂവാല കൊണ്ട് മുഖം തുടച്ചശേഷം ജയ്സൺ ആവേശത്തോടെ ചോദിച്ചു. ആദ്യം കണ്ടതിലും നല്ല പ്രസരിപ്പ് അയാൾക്ക് ഉണ്ടെന്നെനിക്ക് തോന്നി.

"സുഖം. ഇപ്പൊ എവിടെയാ..."

"ഞാനിപ്പോ വാഴൂരാ താമസിക്കുന്നെ. പക്ഷേ ചെങ്കൽ പള്ളിയാ ഇടവക. പള്ളി വരെ ഒന്ന് പോകുകയാണ്."

ജെയ്സൺ ചിരിച്ചുകൊണ്ട് പറഞ്ഞു

“ബൈക്ക് ഇവിടിരിക്കുകയല്ലേ. അല്ലെങ്കിൽ ഞാൻ ഡ്രോപ്പ് ചെയ്യാമായിരുന്നു.”

‘‘അത് സാരമില്ല. ഭയങ്കര മഴയാണ്. സാറിന്റെ കൂടെ വരാം. അല്ലേൽ താമസിക്കും. ബൈക്ക് ഞാൻ പിന്നെ എടുത്തോളാം.’’ ജെയ്സൺ പറഞ്ഞു.

ഞാൻ കാർ മുൻപോട്ടെടുത്തു.

“ജിനോ കാര്യങ്ങൾ എല്ലാം പറഞ്ഞിരുന്നു. ഇപ്പോൾ എല്ലാം ഓക്കെയായോ ?. ബൈക്ക് എടുക്കാനോക്കെ തുടങ്ങിയോ ?” ഞാൻ ചോദിച്ചു.

ഞാൻ പറഞ്ഞതുകേട്ട് ജെയ്സൺ ഒന്ന് ചിരിച്ചു. പിന്നെ അയാളുടെ മുഖത്ത് ഒരു മ്ലാനത നിറഞ്ഞു.

“എനിക്കങ്ങനെ വലിയ പ്രശ്നം ഒന്നുമില്ലായിരുന്നു സാറേ. അതൊക്കെ കൂടുതലും നുണയായിരുന്നു. ഞാൻ ഉണ്ടാക്കിയ ഒരു കഥയായിരുന്നു അത്..”

അയാൾ മെല്ലെ പറഞ്ഞു.

അയാൾ പറഞ്ഞത് കേട്ടു ഞാൻ അമ്പരന്നു.

“എനിക്കപ്പോഴേ തോന്നി. ഞാൻ ജിനോയോട് പറയുകയും ചെയ്തു. അവൻ അമ്പിനും വില്ലിനും സമ്മതിച്ചില്ല.’’ ഞാൻ ആവേശത്തോടെ പറഞ്ഞു.

ജെയ്സൺ അതിനു മറുപടി പറയാതെ പുറത്തു പെയ്യുന്ന മഴയിലേക്ക് നോക്കിയിരുന്നു.

‘‘ആട്ടെ. ശരിക്കും എന്താണ് സംഭവിച്ചത്?എന്തിനായിരുന്നു ജെയ്സൺ അങ്ങനെ പറഞ്ഞത്?” ഞാൻ ചോദിച്ചു.

“അന്ന് രാത്രിയിൽ ആരോ വിറകുമായി പോകുന്നത് ഞാൻ കണ്ടിരുന്നു. മൂടൽ മഞ്ഞായിരുന്നത് കൊണ്ട് വ്യക്തമായി കാണാൻ പറ്റിയില്ല. പക്ഷേ മനുഷ്യരാവാനാണ് സാധ്യത. കാരണം കൊമ്പുകുത്തിയിലെ റബ്ബർ തോട്ടങ്ങളിൽ ആ ദിവസങ്ങളിൽ റബ്ബർ മരങ്ങൾ മുറിക്കുന്നുണ്ടായിരുന്നു. തോട്ടങ്ങളിൽ വെട്ടിയിട്ട കച്ചോടമാക്കിയ റബ്ബർ കഷണങ്ങൾ രാത്രിയിൽ വിറകിന് വേണ്ടി സമീപവാസികൾ ആരെങ്കിലും കടത്തുന്നതായിരിക്കണം. തോട്ടം മേഖലകളിൽ അതൊക്കെ പതിവാണല്ലോ.” അയാൾ പറഞ്ഞു.

‘ശരിയാണ്.” ഞാൻ പറഞ്ഞു.

“വീട്ടിൽ എത്തിയപ്പോൾ ഞാൻ അതിനെക്കുറിച്ച് ആലോചിച്ചു. ഒരൽപ്പം പേടിക്കുകയും ചെയ്തു. ഭാര്യയോട് അതിനെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു. അപ്പോഴാണ് അപ്പൻ ശോശയെക്കുറിച്ച് പറഞ്ഞത്. ആ നിമിഷം എന്റെ ഭാര്യയുടെ കുടിലബുദ്ധി പ്രവർത്തിച്ചു. എല്ലാം അവളുടെ ഐഡിയയായിരുന്നു. ഞാൻ ശോശയെ കണ്ടെന്നു പറഞ്ഞു. നാല് ദിവസം പനി അഭിനയിച്ചു. ശരിക്കും പേടിച്ചാൽ നാല് ദിവസം പനിക്കുമെന്നു അപ്പൻ പണ്ട് പറഞ്ഞത് ഞാനോർത്തു.‘

“എന്തിനായിരുന്നു അങ്ങനെ ഒരു ഡ്രാമാ ?” ഞാൻ ചോദിച്ചു.

“അപ്പനെ പറ്റിക്കാൻ. ചെന്നാപ്പാറയിലെ സ്ഥലം വിറ്റ് ടൌണിലോട്ട് മാറാൻ.”

അയാൾ അൽപ്പനേരം നിശബ്ദനായി.

മഴ കുറഞ്ഞിരുന്നു. സന്ധ്യയാവുകയായിരുന്നു. തോട്ടങ്ങൾക്ക് മേൽ ഒരു വെള്ളപ്പുതപ്പ് പോലെ മൂടൽമഞ്ഞു ചായുന്നു.

‘‘ഞങ്ങൾക്ക് കുഞ്ഞുങ്ങളില്ലായിരുന്നു. ട്രീറ്റ്മെന്റിനും ബിസിനസ്സിനുമെല്ലാം സൗകര്യം ടൗണിൽ താമസിക്കുന്നതാണ്. ഞാൻ അപ്പന് ഒരു ഒറ്റമോനാ. പക്ഷേ അപ്പന് ജനിച്ചുവളർന്ന വീടും മറ്റും വിൽക്കാൻ ഭയങ്കര മടിയായിരുന്നു. ശോശയെ കണ്ടതിൽ പിന്നെ ബൈക്ക് എടുക്കാനും കൊമ്പുകുത്തി വഴി വരാനും പേടിയാണ് എന്നൊക്കെ പറഞ്ഞു മെന്റലായി ഞാൻ ശരിക്ക് അഭിനയിച്ചു.അതിൽ അപ്പൻ വീണു.”

“എന്നിട്ട് ?”

“ചെന്നാപ്പാറയിൽ നിന്ന് സ്ഥലം വിറ്റ് ടൗണിൽ വന്നു. പക്ഷെ കരയിൽ പിടിച്ചിട്ട മീനിനെ പോലെയായി അപ്പൻ. പത്തെഴുപത്തിയഞ്ചു കൊല്ലം ജീവിച്ച ഗ്രാമം വിട്ടു നഗര

ത്തിലെ ജീവിതം അപ്പനെ തകർത്തു. ടൗണിൽ വന്നു നാലഞ്ചു മാസം കഴിഞ്ഞു അപ്പൻ മരിച്ചു. അറ്റാക്കായിരുന്നു. അതോടെ വല്ലാത്ത കുറ്റബോധം എന്നെ അലട്ടി. ശോശയെ കൊന്ന കൊച്ചുമോനും ഞാനും തമ്മിൽ എന്താണ് വ്യത്യാസമെന്നു എന്റെ മനസ്സു എന്നോട് ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നു. ആദ്യം മാനസികരോഗം അഭിനയിച്ച എനിക്ക് ശരിക്കും അത് പിടിപെട്ടു. ഭാര്യയുമായി വലിയ വഴക്കായി. എന്റെ അപ്പൻ മരിക്കാനുള്ള പാതി കാരണം അവൾ കൂടിയാണല്ലോ.'

കാർ ചെങ്കൽ പള്ളിയുടെ മുന്നിൽ എത്തി. ഞാൻ വണ്ടി നിർത്തി ജെയ്സൺ പറഞ്ഞുകൊണ്ടിരുന്നത് ശ്രദ്ധിച്ചു കേട്ടു.

"പിന്നെ ജീവിതത്തിന്റെ പതനം പെട്ടെന്നായിരുന്നു. സാമ്പത്തികമായി തകർന്നു. മുണ്ടക്കയത്തെ സ്ഥലവും വിറ്റ് ഇങ്ങോട്ട് പോന്നു. ഭാര്യയുമായി പിണങ്ങി. അവളിപ്പോൾ ഗൾഫിലാണ്."

അയാൾ ദീർഘമായി നിശ്വസിച്ചു.

എനിക്ക് അയാളെ എന്ത് പറഞ്ഞു ആശ്വസിപ്പിക്കണം എന്നറിയില്ലായിരുന്നു.

"വീണ്ടും മഴ തുടങ്ങി. ഒത്തിരി കൂടുന്നേനു മുൻപ് ഞാനിറങ്ങട്ടെ. പള്ളിയിൽ കേറണം. വൈകുന്നേരം ചുമ്മാ പള്ളിയിൽ വന്നിരിക്കും. അപ്പനോട് ക്ഷമ ചോദിക്കും. ദൈവത്തിനോടും. അതൊക്കെയാ ഒരു ആശ്വാസം."

"എല്ലാം ശരിയാകും ജെയിസാ." ഞാൻ താഴ്ന്ന സ്വരത്തിൽ പറഞ്ഞു. എന്റെ വാക്കുകൾ ഞാൻ തന്നെ കേട്ടില്ലെന്നു തോന്നി.

അയാൾ എന്നെ നോക്കി ചിരിച്ചു.

"എന്നാ ശരി സാറേ." അത്രയും പറഞ്ഞു അയാൾ ഡോർ തുറന്നു പുറത്തിറങ്ങി. അപ്പോഴേക്കും മഴ ശക്തമായിരുന്നു. പച്ചപ്പൂപ്പൽ പടർന്ന പള്ളിയുടെ ചുവന്ന പടിക്കെട്ടുകൾ കയറി ഒരു മിന്നായം പോലെ അയാൾ മഴയിൽ മറഞ്ഞു.

വീട്ടിലെത്തുന്നതുവരെ എന്റെ മനസ്സിൽ ജെയ്സനും അയാളുടെ വാക്കുകളുമായിരുന്നു. എങ്കിലും എന്റെ നിഗമനം ശരിയായതിൽ ഞാൻ ഗൂഢമായി സന്തോഷിച്ചു. വീട്ടിലെത്തിയയുടനെ ഞാൻ ജിനോയെ വിളിച്ചു. അവൻ എനിക്ക് ഒരു ഫുൾ വാഗ്ദാനം ചെയ്തതാണ്.

"ഞാൻ സാറിനെ വിളിക്കാനിരിക്കുകയായിരുന്നു. അപ്പഴാ സാർ ഇങ്ങോട്ട് വിളിച്ചത്." അവൻ പറഞ്ഞു.

"എന്താടാ?"

"എനിക്ക് നാളെ ലീവ് വേണം. ഒരു ശവമടക്കുണ്ട്."

"ആണോ... ആരാ മരിച്ചത് ?" ഞാൻ തിരക്കി.

"പഴയ ഒരു അയൽവക്കക്കാരനാണ്."ഒരു നിമിഷം നിർത്തി എന്തോ ഓർത്തു അവൻ പറഞ്ഞു.

"അല്ല ഞാൻ മറന്നു. സാറിനു പുള്ളിയെ അറിയാം. സാർ ലിഫ്റ്റ് കൊടുത്ത് പണ്ട് നമ്മുടെ കൂടെ കോട്ടയത്തിനു വന്ന ജെയ്സൺ ചേട്ടനാ."

പെരുവിരൽ മുതൽ നിറുക വരെ ഒരു തരിപ്പ് കടന്നു പോയി.

"അയാൾക്ക്. അയാൾക്ക് എന്ത് പറ്റി?"

"മരിച്ചിട്ട് മൂന്നു ദിവസമായി. ആത്മഹത്യയായിരുന്നു. ബോഡി മോർച്ചറിയിൽ വച്ചിരിക്കുകയാണ്. ഭാര്യ ഗൾഫിൽ നിന്ന് വരാൻ വെയിറ്റ് ചെയ്യുവാരുന്നു. ചെങ്കൽ പള്ളിയിൽ വച്ചാണ് അടക്ക്..."

അവൻ പറഞ്ഞു.

അയാളുടെ ശബ്ദവും നീണ്ടു വളർന്ന താടിയിൽ തടവിയുള്ള ചിരിയും ഞാൻ വീണ്ടും കേട്ടു. മഴയിലേക്ക് മിന്നായം പോലെ മായുന്ന ആ രൂപവും.

ഐസ് കട്ട വച്ചതുപോലെ ദേഹത്ത് തണുപ്പ് പടർന്നു. ഭീതിയുടെ കറുത്ത അട്ടകൾ ഇഴയാൻ തുടങ്ങുന്നു.

"ഞാനും കുറച്ചു ദിവസം ലീവാടാ." ഞാൻ ചിലമ്പിച്ച സ്വരത്തിൽ പറഞ്ഞു.

'ആണോ എത്ര ദിവസം ?" അവൻ ചോദിച്ചു.

"ഒരു.... ഒരു നാല് ദിവസം." ഞാൻ മെല്ലെ പറഞ്ഞു.

✵

## അനാവശ്യ സമരം

# അസ്ഥികൂടങ്ങൾ നൃത്തം ചവിട്ടി

*ഗുരുജി*

**വൈ**ദ്യുതി ഭവനുമുന്നിലെ റോഡിനിപ്പുറം പന്തലുകെട്ടി സംസ്ഥാന സർക്കാരിന്റെ സെക്യൂരിറ്റിവിഭാഗമായ എൻഐഎസ് എഫിനെ നോക്കി മുദ്രാവാക്യം മുഴക്കിക്കൊണ്ട് സമരം നടത്തിയവരെ; നിങ്ങൾക്ക് നമോവാകം. ഈ സെക്യൂരിറ്റിയെ സാക്ഷി നിറുത്തികൊണ്ട് സമരം ചെയ്യുവാൻ കഴിഞ്ഞു എന്നതുതന്നെ സംഘടനാ സ്വാതന്ത്ര്യത്തിന്റെ ഒന്നാന്തരം ദൃഷ്ടാന്തമായിരിക്കെ സംഘടനാ പ്രവർത്തനത്തിനു പാരയാണ് സെക്യൂരിറ്റി എന്ന പുതിയ ഒരു മുദ്രാവാക്യം ഉണ്ടാക്കി രംഗത്തുവന്നവരെ; നിങ്ങൾ എല്ലാവർക്കു മുന്നിലും പരിഹാസ്യമാവുകയാണ് ചെയ്തത്. സമരം എന്തിനുവേണ്ടിയായിരുന്നുവെന്നത് ഇപ്പോഴും ആർക്കും ബോധ്യമില്ല, സമരം ചെയ്തവർക്കോ ബാഡ്ജ് കുത്തിയ അണികൾക്കോ ഉത്തരമില്ലാത്ത സമസ്യയായി തുടരുന്നു, ഇനിയും തുടരും.

പക്ഷെ സമരംകൊണ്ട് ഒരു ഗുണം കിട്ടി. കഴിഞ്ഞ കാലങ്ങളിൽ ആരും അറിഞ്ഞില്ലെന്ന മട്ടിൽ കുഴിച്ചിട്ടഅസ്ഥികൂടങ്ങൾ ഒന്നൊന്നായി പുറത്തെടുത്ത് പോസ്റ്റ്മാർട്ടത്തിനു വിധേയമായപ്പോൾ കള്ളക്കളികളുടെ താക്കോൽ സ്ഥാനങ്ങളിലിരുന്നവർ ഞെരിപിരികൊണ്ട് പുറത്തുവന്നു. ആ അസ്ഥികൂടങ്ങൾ അവർക്കു മുന്നിൽ നൃത്തം ചവിട്ടി ആഘോഷമാക്കുവാൻ മാധ്യമങ്ങൾ മത്സരിച്ചു. സമരംകൊണ്ടു എന്തു നേടി എന്ന ചോദ്യത്തിന് വളരെ ലളിതമായ ഉത്തരമാണ് അസ്ഥികൂടങ്ങളിലൂടെ പുറത്തുവരുന്നത്. ഇനിയുണ്ടാകുന്ന ഓരോ സമരത്തിനും ഇതുപോലെയുള്ള വെളിപാടുകൾ പുറത്തുവരും എന്ന സന്ദേശം അന്തരീക്ഷത്തിൽ മുഴങ്ങികൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ പല നടപടികളും കെ.എസ്.ഇ.ബി.യുടെ നിലനിൽപ്പിന് ഭീഷണിയാണെന്നുചൂണ്ടി കാണിച്ച എഞ്ചിനിയേഴ്സ് അസോസിയേഷൻ പ്രവർത്തകരെ പരിഹസിക്കുവാനും പുച്ഛിക്കാനുമാണ് അന്നത്തെ മാനേജ്മെന്റിന്റെ ഭാഗമായിരുന്നവർ ശ്രമിച്ചത്. അന്ന്ചൂണ്ടിക്കാണിച്ചകാര്യങ്ങൾ ബോംബായി ഇപ്പോൾ തലയിൽ വന്നുവീഴുമ്പോൾ തലയിൽ കൈവച്ച് നിലവിളിച്ചിട്ടു കാര്യമില്ല, കാട്ടികൂട്ടിയ കോപ്രായങ്ങൾക്ക് വിലനൽകേണ്ടി വരുമെന്ന് മനസ്സിലാക്കിക്കുവാൻ ഈ സെക്യൂരിറ്റി സമരത്തിനു കഴിഞ്ഞു എന്നത് സമരത്തിന്റെ വിജയമായി കണക്കാക്കാം. സമരത്തിനു മുൻപന്തിയിൽ നിന്നവരുടെ തലയിൽ വീണ ഇടിത്തീയായും കാണാം.

നാറിയവനെ പേറിയാൽ പേറിയവനും നാറും എന്ന ആപ്ത വാക്യത്തിനു സമാനമായ കാഴ്ചകളാണ് കണ്ടുകൊണ്ടിരിക്കുന്നത്. അപകടം മണത്തുമനസ്സിലാക്കിയ വേന്ദ്രന്മാർ മന്ത്രി സമക്ഷം ചർച്ചയെന്ന പേരും പറഞ്ഞു രമ്യതയിലെത്തിയെങ്കിലും പുറത്തെടുത്ത അസ്ഥികൂടങ്ങളൊന്നും തന്നെ കുഴിമാടങ്ങളിലേക്കു തിരിച്ച് പോയിട്ടില്ല, അവരെല്ലാം തൽക്കാലം മരക്കൊമ്പുകളിലും പാലമര ചുവട്ടിൽ കാത്തുനിൽക്കും; അടുത്ത സമരത്തിന്റെ മുദ്രാവാക്യങ്ങളുടെ വിളിയും കാത്ത്.

# മാധ്യമ വിചാരം

*Er.* **ജെ. സുധാകരൻ നായർ**
*ഡെപ്യൂട്ടി ചീഫ്എഞ്ചിനീയർ (റിട്ട.)*

വർഷങ്ങൾക്കുമുമ്പ് മലയാളത്തിലെ ഒരു വിശേഷാൽ പ്രതിയിൽ വന്ന ഒരു ഭാഗം ഓർമ്മയിൽ നിന്ന് ഇവിടെ പകർത്തട്ടെ; ഒരു പത്ര വാർത്തയാണ്.

ഉത്സവ സ്ഥലത്തു അടികലശൽ

(സ്വ.ലെ.) (രാമപുരം)

സ്ഥലത്തെ പുരാതനമായ ദുർഗ്ഗാക്ഷേത്രത്തിൽ ഇക്കൊല്ലവും ഉത്സവം പതിവുപോലെ ഭക്തിനിർഭരമായി കൊണ്ടാടി. പല സാസംകാരിക പരിപാടികളും നടത്തപ്പെട്ടു. ഓട്ടൻതുള്ളൽ, പാഠകം, കഥകളി മുതലായവ ഉണ്ടായിരുന്നു. ഏഴാം ദിവസം കുത്തിയോട്ടം, താലപ്പൊലി തുടങ്ങിയ ചടങ്ങുകളോടെ ഉത്സവം സമാപിച്ചു. ഉത്സവ സ്ഥലത്തു അടികലശൽ ഉണ്ടായില്ല.

ഇത് ഞാൻ ആലോചിച്ചുണ്ടാക്കിയ കഥയല്ല; പ്രശസ്ത സാഹിത്യകാരനായ ശ്രീ. തോപ്പിൽ ഭാസി എഴുതിയ ലേഖനത്തിൽ നിന്ന് എടുത്തതാണ്. പത്ര ലേഖകന്മാരെല്ലാം ഇതുപോലെ എഴുതുന്നവരാണെന്നൊന്നും ആരും പറയില്ല. അതിശയോക്തി എന്ന അലങ്കാരം നല്ല കട്ടിയായി പ്രയോഗിച്ചിട്ടുണ്ട്. പക്ഷെ ചില പത്രങ്ങൾ വായിക്കുമ്പോൾ വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടി ഇതുപോലുള്ള പല വിദ്യകളും കാണിക്കുന്നത് നമുക്ക് കാണാം.

പൊതുജനങ്ങൾക്ക് വാർത്തകൾ എത്തിച്ചു കൊടുക്കാനായിട്ടാണ് പത്രങ്ങൾ തുടങ്ങിയത്. പക്ഷെ ഇപ്പോൾ അതൊരു വ്യവസായമാണ്; വൻ ലാഭമുണ്ടാക്കുന്ന വ്യവസായമാണ്. ശുദ്ധമായ വാർത്തകൾ നാട്ടുകാരുടെ മുൻപിൽ എത്തിക്കുക എന്നതിനേക്കാൾ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുക എന്നതിനാണ് മുൻഗണന. ഓരോ രാഷ്ട്രീയ പാർട്ടിക്കും ഓരോ മത, സാമൂദായിക വിഭാഗത്തിനും പ്രത്യേകം പത്രവും ചാനലും ഉണ്ട്. ഓരോരുത്തർക്കും പ്രത്യേകം ആസ്വാദകവൃന്ദവുമുണ്ട്. ഒരേ വാർത്ത വിവിധ മാധ്യമങ്ങളിൽ വളരെ വ്യത്യസ്തമായായിരിക്കും കൊടുക്കുക. സത്യം എവിടെയോ ഒളിഞ്ഞു കിടക്കുകയായിരിക്കും.

ഒരു മാധ്യമത്തെ : അത് അച്ചടി മാധ്യമം ആയാലും മറ്റുതരത്തിലുള്ള മാധ്യമം ആയാലും ശരി; വിശകലനം ചെയ്ത് നോക്കിയാൽ അതിന്റെ സിംഹഭാഗവും പരസ്യമായിരിക്കും. അടുത്തത് വീക്ഷണങ്ങൾ ആയിരിക്കും; വാർത്തകൾ കുറവായിരിക്കും. news അല്ല views ആണ് മുൻപന്തിയിൽ. വാർത്തയും വീക്ഷണവും തന്ത്രപരമായി കൂട്ടിയിണക്കി തരുമ്പോൾ അവയെ തിരിച്ചറിയാൻ പ്രയാസമാണ്. വളരെ മുൻപ് പത്രങ്ങളിൽ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ കണ്ടിരുന്നു; ഇപ്പോൾ അതില്ല.

ഒരു പ്രശസ്ത വ്യക്തി ഒരു വിഷയത്തെ പറ്റി എന്തെങ്കിലും പറഞ്ഞാൽ അത് പല തരത്തിൽ റിപ്പോർട്ട് ചെയ്യാം.

അദ്ദേഹം പറഞ്ഞു.

അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

അദ്ദേഹം നിർദ്ദേശിച്ചു.

അദ്ദേഹം സംശയം പ്രകടിപ്പിച്ചു.

അദ്ദേഹം വെല്ലുവിളിച്ചു.

അദ്ദേഹം സഹതപിച്ചു.

എന്നിങ്ങനെ നിരവധി രീതിയിൽ പറയാം.

ഏതു തരത്തിൽ പറയണമെന്നുള്ളത് പലപ്പോഴും റിപ്പോർട്ടറുടെ ചായ്‌വിനനുസരിച്ചിരിക്കും. റിപ്പോർട്ടറുടെ ചായ്‌വ് മുതലാളിയുടെ ചായ്‌വിനു അനുസരിച്ച് മാത്രമായിരിക്കും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. എത്ര ഉന്നതനായ പത്ര പ്രവർത്തകനും പത്രമുടമയുടെ താല്പര്യങ്ങൾക്ക് എതിര് നിൽക്കാനുള്ള ധൈര്യം ഉണ്ടാകില്ല. ഉണ്ടായാൽ അടുത്ത ദിവസം അയാൾ കസേരയിൽ ഉണ്ടാവില്ല. കേരളത്തിൽ ഇന്നുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചായ്‌വില്ലാത്ത ഒരു പ്രസിദ്ധീകരണം കേരള ഗസറ്റ് ആണ്. പത്രത്തിൽ ഉപയോഗിക്കുന്ന ഭാഷ മിക്കവാറും ശുദ്ധ മലയാളമായിരിക്കും. അച്ചടി മാധ്യമങ്ങൾ ഒഴിച്ചുള്ള മാധ്യമങ്ങൾ ; ടെലിവിഷൻ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്ന ഭാഷ ഒട്ടും അഭിമാനകരമല്ല. ഗ്രാമ്യ ഭാഷയും നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകളും വ്യാകരണത്തിനോട് ഒരു ബഹുമാനവുമില്ലാത്ത പ്രയോഗങ്ങളും ധാരാളം. ഗ്രാമ്യ ഭാഷ കേൾക്കാൻ രസമുള്ളതാണ്; സിനിമയിലും നാടകത്തിലും കൊള്ളാം; എല്ലാപേർക്കും മനസ്സിലാകില്ല. BBCയിൽ പറയുന്ന ഇംഗ്ലീഷ് നല്ല നിലവാരമുള്ള ഇംഗ്ലീഷ് ആണെന്ന് പലരും പറയാറുണ്ട്. അതുപോലെ ഒരു നിലവാരം നമുക്ക് കാണിക്കാനുണ്ടോ ? മലയാളം വാക്കുകളുടെ ഉച്ചാരണത്തിന്റെ കാര്യം പരിതാപകരമാണ്. ഉദാഹരണങ്ങൾ നിരവധിയുണ്ട്. അദ്ധ്യാപകൻ, വിദ്യാർത്ഥി, ഭർത്താവ് ഇങ്ങനെ നിരവധി മലയാളികൾക്ക് ഒരു സൗഭാഗ്യം ഉണ്ട്. അത് നമുക്ക് ഗാനഗന്ധർവ്വൻ യേശുദാസിനെ ലഭിച്ചുവെന്നതാണ്. ഒരു മലയാള വാക്കിന്റെ ശരിയായ ഉച്ചാരണംഅറിയണമെന്നുണ്ടെങ്കിൽ ദാസേട്ടൻ ഏതെങ്കിലും ഒരു ഗാനത്തിൽ ആ വാക്ക് ഉച്ചരിച്ചിട്ടുണ്ടോ എന്ന് നോക്കുക; അതാണ് ശരിയായ ഉച്ചാരണം.

വാർത്തകൾ തമസ്ക്കരിക്കുക എന്നത് മാധ്യമ സുഹൃത്തുക്കൾ കൂടെക്കൂടെ പ്രയോഗിക്കുന്ന ചെപ്പടിവിദ്യയാണ്. ഏതൊക്കെ വാർത്തകൾ നാം അറിയണമെന്ന് തീരുമാനിക്കുന്നത് മാധ്യമങ്ങളാണ്. വാർത്തകൾ വളച്ചൊടിക്കുമ്പോൾ അത് " നിറം പിടിപ്പിച്ച നുണകൾ" ആകും.

മാധ്യമങ്ങൾക്ക് ചില പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഉണ്ട്. എവിടെയും എപ്പോഴും കയറിച്ചെല്ലാം; ക്ഷണിക്കാതെ തന്നെ. അവിടെയൊക്കെ സാധാരണക്കാർ കടന്നു ചെന്നാൽ ചിലപ്പോൾ അതിക്രമിച്ചു കടക്കലാകാം.ആരെപ്പറ്റിയും വാർത്ത കൊടുക്കാം. വാർത്ത തെറ്റാണെന്നു തെളിഞ്ഞാൽ ഖേദം പ്രകടിപ്പിക്കുന്നവർ വിരളം.

ഒരിക്കൽ മുഖ്യമന്ത്രി മുഖ്യാതിഥിയായ ഒരു ചടങ്ങിൽ, പങ്കെടുക്കാത്ത ചിലർ സംസാരിച്ചുവെന്ന് ഒരു വിരുതൻ പത്രത്തിൽ എഴുതി വിട്ടു. ഈ മാധ്യമ പ്രതിനിധി, യോഗം തുടങ്ങുന്നതിനു മുൻപേ വന്നു കാര്യപരിപാടി വാങ്ങിക്കൊണ്ടു പോയത് ഓർക്കുന്നു. ഒരു തൊഴിലാളി സംഘടനയുടെ സെക്രട്ടറി ഒരു പത്ര പ്രസ്താവനയുമായി ഒരു പത്രം ഓഫീസിൽ ചെന്നു. വായിച്ചു നോക്കിയിട്ടു പത്രാധിപർ പറഞ്ഞു; '' പ്രസിഡന്റ് പ്രസ്താവിച്ചു എന്നാണ്. പ്രസിഡന്റ് ഇത് വായിച്ചു കോപിച്ചു. അദ്ദേഹം ഒരു ജനപ്രതിനിധി ആയിരുന്നു. കോപിച്ചതിൽ തെറ്റില്ല. സെക്രട്ടറി പത്രാധിപരെക്കണ്ടു കാര്യം പറഞ്ഞു. പത്രാധിപർ ബുദ്ധിയുള്ള ആളായിരുന്നു. അദ്ദേഹം പറഞ്ഞു; 'ഇതിൽ തിരുത്തു കൊടുത്താൽ കൂടുതൽ കുഴപ്പമാകും. പ്രസിഡന്റും സെക്രട്ടറിയും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെന്ന വരും." ചുരുക്കത്തിൽ തിരുത്തിയില്ല.

മാധ്യമ വിചാരണ വളരെയധികം ആരാധകരുള്ള കലാപരിപാടിയാണ്. മലയാളികൾക്ക്

പണിയെടുക്കുന്നതിനേക്കാൾ ഇഷ്ടം ചർച്ച ചെയ്യുന്നതിനാണ്. ഏതെങ്കിലും ഒരു വിഷയത്തിലെ വിദഗ്ധന്മാരെ പങ്കെടുപ്പിച്ചുള്ള ചർച്ച കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകാം. ഏതു വിഷയത്തെ പറ്റിയും ചർച്ച ചെയ്യാൻ "പ്രാപ്തരായ" സ്ഥിരം ചർച്ചക്കാരാണ് മിക്കവാറും ഇതിൽ പങ്കെടുക്കുക. ഇവരിൽ മിക്കവാറും ആളുകളുടെ ശക്തി അവരുടെ അജ്ഞതയാണ്. അവതാരകൻ അദ്ദേഹത്തിന്റെ താല്പര്യത്തിന് അനുസരിച്ച് ഏറ്റവും കൂടുതൽ നേരം ഇടപെട്ട് സംസാരിക്കും. മിക്കവാറും ഒരു ചന്തയിലെപ്പോലെ വഴക്കടിയ്ക്കും, അസഭ്യവാക്കുകൾ പ്രയോഗിക്കും, ചിലപ്പോൾ കയ്യേറ്റവും നടത്തും. നമ്മൾ കോഴിപ്പോര് കാണുന്നതുപോലെ ഏതെങ്കിലും വശംചേർന്ന് കയ്യടിക്കും. ചില ചാനലുകളിൽ ഇത് നിത്യ സംഭവമാണ്. സംസ്കാരമില്ലാത്ത ചർച്ചയാണെന്നു മനസ്സിലാകും. മാധ്യമ വിചാരണ ധാരാളം പേരെ നിർദയം വകവരുത്തിയിട്ടുണ്ട്.

ഏതെങ്കിലും ഒരു പ്രമാദമായ കേസ് ഉത്ഭവിച്ചാൽ ചാനലുകളിൽ കേസിന്റെ വിവിധ വശങ്ങളെപ്പറ്റി വിശദമായ ചർച്ച ഉണ്ടാകും. അവിടുന്നും ഇവിടുന്നും ചോർന്നു കിട്ടുന്ന വിവരങ്ങളും കൂടുതൽ ഊഹാപോഹങ്ങളും അടിസ്ഥാനമാക്കി ആയിരിക്കും ചർച്ചകൾ. ചർച്ചയല്ല; വിചാരണയാണ് നടക്കുക. ഏതാണ്ട് വിധി തീരുമാനിക്കുന്നതു വരെ എത്തിക്കും. ഭാഗ്യത്തിന് വിധി പറയില്ല. വിധി എന്തായാലും ഇഷ്ടമില്ലാത്തവരെ കരിവാരി തേയ്ക്കാനുള്ള അവസരം ലഭിക്കും. മാധ്യമ വിചാരണ ധാരാളം പേരുടെ ജീവിതം നശിപ്പിച്ചിട്ടുണ്ട്. ആദ്യം ഓർമ്മ വരുന്ന പേര് പ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞനായ നമ്പിനാരായണന്റേതാണ്.

മാധ്യമങ്ങൾക്ക് തെറ്റ് പറ്റുകയില്ല; പറ്റിയാൽ തിരുത്താറുമില്ല. പഴയ കാലത്തെ പത്രങ്ങൾ തെറ്റ് പറ്റിയാൽ തിരുത്തുകയും ' നിർവ്യാജം ഖേദിക്കുന്നു' എന്ന് എഴുതുകയും ചെയ്യുമായിരുന്നു. ഇപ്പോൾ അങ്ങിനെയൊന്നും കാണാറില്ല. പണ്ടത്തെ പത്രങ്ങൾ ഒരു വാർത്ത കൊടുത്താൽ ലേഖകൻ ആരാണെന്ന് എഴുതുമായിരുന്നു. സ്വ.ലേ., പ്ര.ലേ., ഒ.ലേ. അല്ലെങ്കിൽ ലേഖകന്റെ പേര്, സ്ഥലം, തീയതി ഇതൊക്കെ എഴുതുമായിരുന്നു. ഇപ്പോൾ ഇതൊന്നും കാണാറില്ല. ഒരു തെറ്റ് സംഭവിച്ചാൽ അത് എങ്ങിനെ തിരുത്തണമെന്ന് നിയമങ്ങളും കീഴ്‌വഴക്കങ്ങളും ഉണ്ട് എന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നു.

ചാനൽ ചർച്ചയ്ക്കു കൂടുതൽ കാഴ്ചക്കാരുണ്ടായാൽ മാധ്യമത്തിന്റെ നിലവാരം (rating) ഉയരും. പരസ്യനിരക്ക് ഉയരും. പരസ്യ ചെലവ് കൂടുമ്പോൾ സ്വാഭാവികമായും സാധനങ്ങളുടെ വിലകൂടും. ഈ കൂടിയ വിലയും നാം തന്നെ കൊടുക്കണം. ലാഭം ചാനലിനും സാധനങ്ങൾ ഉണ്ടാക്കുന്ന കമ്പനിക്കും. കൊള്ളലാഭം മാത്രമാണ് പല മാധ്യമങ്ങളുടെയും താല്പര്യം.

അന്വേഷണാത്മക പത്ര പ്രവർത്തനം എന്നൊരു പുതിയ പരിപാടി കൂടിയുണ്ട്. കുറച്ചു മുമ്പ് വരെ നമ്മൾ ധരിച്ചുവച്ചിരുന്നത് കുറ്റാന്വേഷണം പോലീസിന്റെ പണിയാണെന്നാണ്. ഇപ്പോൾ ഈ ഉത്തരവാദിത്വം കൂടി മാധ്യമങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അതിനവർക്ക് പരിശീലനം കിട്ടിയിട്ടുണ്ടെന്നു തോന്നും. പഠിപ്പും പരിശീലനവും ഇല്ലാതെ തന്നെ ഏതു വിഷയവും മനസ്സിലാക്കി അതിനെപ്പറ്റി സംസാരിക്കാനും എഴുതാനും മാധ്യമ സുഹൃത്തുക്കൾക്ക് നന്നായി അറിയാം. വിഷയം എന്തുമായിക്കോട്ടെ; ശാസ്ത്രമോ, കലയോ, രാഷ്ട്രീയമോ, സാങ്കേതികമോ, സൂര്യന് താഴെയുള്ള എന്തുമാകട്ടെ അതിനെപ്പറ്റി ആധികാരികമായി മണിക്കൂറുകളോളം സംസാരിക്കാനുള്ള കഴിവ് അവർക്കുണ്ട്. തെഹൽക്കയും പല ഹണി ട്രാപ്കളും നാം കണ്ടതാണ്. രാഷ്ട്രീയ പക പോക്കലുകളാണ് മിക്കവയുടെയും പിന്നിൽ.

നാടുനന്നാകാൻ - 2

# ജീവനും സ്വത്തിനും സംരക്ഷണം



Er. ഇ.എം. നസീർ
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**പൗ**രന്റെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തേണ്ടത് അധികാരത്തിലിരിക്കുന്ന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സാധാരണക്കാരായ പൊതുജനങ്ങൾ അരക്ഷിതഭീതിയിലാണ്. ആരിൽ നിന്ന്, എവിടെ നിന്ന് എപ്പോൾ ആക്രമണങ്ങളുണ്ടാകാമെന്നറിയാനാകാത്ത സ്ഥിതിവിശേഷം. ഗുണ്ടാവിളയാട്ടം നിത്യ സംഭവങ്ങളാകുന്നു. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിലുള്ള അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു. ജനങ്ങളുടെ സ്വൈര ജീവിതം തകർത്തുകൊണ്ട് ക്രമസമാധാനം അനുദിനം വഷളാകുന്നു.

അച്ചടക്കമെന്നത് കടങ്കഥപോലെയായി. ജനങ്ങൾക്ക് അക്രമികളിൽ നിന്ന് സംരക്ഷണം നൽകേണ്ട പോലീസ് പലപ്പോഴും നിഷ്ക്രീയമാകുന്നു, നോക്കുകുത്തികളാകുന്നു. മൂല്യശോഷണം സംഭവിച്ച രാഷ്ട്രീയക്കാർ അവരെ ആ രൂപത്തിൽ പാകപ്പെടുത്തി വരുതിയിൽ നിറുത്തുന്നതിന്റെ ഫലം. ചില പോലീസുദ്യോഗസ്ഥർ കുറ്റവാസനയുള്ളവരെന്നുവരെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി ഒന്നും ചെയ്തതായി റിപ്പോർട്ടുകളില്ല.

---

മാധ്യമങ്ങൾ പലപ്പോഴും ഉയർത്തിപ്പിടിക്കുന്ന അവകാശമാണ് അഭിപ്രായ സ്വാതന്ത്ര്യം. ഭരണഘടന എല്ലാ പൗരന്മാർക്കും നൽകിയിരുന്നതാണ് ഈ അവകാശം. നമ്മുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുമ്പോൾ അത് ദുഃസ്വാതന്ത്ര്യം ആയി മാറും.

സാമൂഹ്യ മാധ്യമങ്ങളും നവ മാധ്യമങ്ങളും തകരപോലെ മുളച്ചു പൊങ്ങി അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. blog ഇല്ലാത്തവന് ജീവിക്കാൻ അർഹതയില്ല എന്ന് തോന്നും. ഇവരിൽ കൂടുതലും പരദൂഷണവും മത സ്പർദ്ധയും സങ്കുചിത രാഷ്ട്രീയവുമാണ് കൈകാര്യം ചെയ്യുന്നത്. സാമ്പത്തിക ലാഭവും ഒരു ആകർഷണമാണ്. സാമൂഹ്യ അന്തരീക്ഷം മലീമസമാക്കുന്നതിൽ വലിയ വലിയ സംഭാവനകളാണ് ഇവർ നൽകുന്നത്.

റ്റി.വി. കാണാൻ ഏറ്റവും കൂടുതൽ സമയം ചെലവഴിയ്ക്കുന്നത് മലയാളികൾ ആണെന്ന് തോന്നുന്നു. ഏറ്റവും കൂടുതൽ ചാനലുകൾ ഉള്ളതും ചിലപ്പോൾ മലയാളത്തിലായിരിക്കും. ഏറ്റവും കൂടുതൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുള്ളതും മലയാളത്തിലായിരിക്കാം. ഇത് ഉത്ബുദ്ധതയുടെ ലക്ഷണമാണോ അതോ അധഃപതനത്തിന്റെ ലക്ഷണമാണോ?

വായിച്ചു വളരുക; ചാനൽ കണ്ടു തളരുക!

രൗദ്രഭാവം, മുൻകോപം, തെറിവിളി, മൂന്നാംമുറ പ്രയോഗങ്ങൾ തുടങ്ങിയവ പോലീസ് സേനയിലെ ഒരു വിഭാഗത്തിന്റെ സ്വഭാവരീതികളായി മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ പോലീസ് സ്റ്റേഷനിൽ പരാതികളുമായെത്താൻ ഇരകൾതന്നെ ഭയക്കുന്നു. നിരപരാധികളായിട്ടുള്ളവരായ ഉയർന്ന ഉത്തരവാദിത്വമുള്ള ഉന്നതജോലിയിലുള്ള മികച്ച വിദ്യാഭ്യാസമുള്ളവർക്കു പോലും പോലീസ് സ്റ്റേഷനുകളെ ഭയമാണ്. അപ്പോൾ സാധാരണക്കാരന്റെ കാര്യം പറയേണ്ടതില്ലല്ലോ. രാഷ്ട്രീയ ക്കാരുടെ സഹായത്തോടെ പോലീസിനെ സമീപിച്ചാൽ അത് വൻ ബാദ്ധ്യതയിലാകും മിക്കവാറും അവസാനിക്കുക.

സാംസ്ക്കാരിക ജീർണ്ണത ബാധിക്കാത്ത ഉത്തരവാദിത്വമുള്ള രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളുമുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് സൈ്വരജീവിതം ലഭിക്കും. വെട്ടും കുത്തും കൊള്ളയും കൊലയും കവർച്ചയും അവസാനിക്കും. ഗൾഫു രാജ്യങ്ങളിൽ അതാണ് കണ്ടുവരുന്നത്, നിരപരാധികൾ ശിക്ഷിക്കപ്പെടാറില്ല, കുറ്റവാളികൾ രക്ഷപ്പെടാറുമില്ല. ഏവരും അച്ചടക്കം നിലനിറുത്തിമാന്യതയോടെ നിയമാനുസൃതമായി ഭയാശങ്കകളില്ലാതെ ജീവിക്കുന്നു.

ഇവിടെ കുറ്റവാളികളെ സംരക്ഷിക്കുന്നതും, പ്രോത്സാഹിപ്പിക്കുന്നതും രാഷ്ട്രീയക്കാരാണ്. ഇത്തരം സംരക്ഷണമില്ലെങ്കിൽ ഒരു കുറ്റവാളിക്കും തലപൊക്കാനാകില്ല, അതിന് ധൈര്യമുണ്ടാകില്ല. നമ്മുടെ ഭരണാധികാരികൾക്ക് ഗൾഫ് ഭരണാധികാരികൾ മാതൃകയാകട്ടെ. തങ്ങളുടെ ഇഷ്ടക്കാരായ ക്രിമിനലുകൾക്കെതിരെ നടപടികളെടുക്കുന്ന നല്ലവരായ പോലീസുദ്യോഗസ്ഥരെ രാഷ്ട്രീയക്കാർ വച്ചുപൊറുപ്പിക്കാറില്ല. പലപ്പോഴും സമ്മർദ്ദങ്ങൾമൂലം ഈ പോലീസുകാർ പലതരത്തിലുള്ള കുറ്റകൃത്യങ്ങളും കണ്ടില്ലെന്നു നടിക്കുകയോ അല്ലെങ്കിൽ അവയ്ക്ക് കൂട്ടുനിൽക്കുകയോ ചെയ്യാൻ നിർബന്ധിതരാകുന്നു. ചിലപ്പോൾ ദുർബല വകുപ്പുകൾ ചുമത്തി കുറ്റവാളികളെ സഹായിക്കേണ്ട ഗതികേടും വന്നുചേരുന്നു. കാര്യങ്ങൾ ഒച്ചപ്പാടാവുകയാണെങ്കിൽ രാഷ്ട്രീയക്കാർ തങ്ങൾ കുഴിയിൽ ചാടിച്ച ഉദ്യോഗസ്ഥരെ ബലിയാടുകളാക്കി തടിതപ്പി മുഖം സംരക്ഷിക്കുന്ന സംഭവങ്ങളും കുറച്ചൊന്നുമല്ല.

പോലീസുദ്യോഗസ്ഥരും മനുഷ്യരാണ്. ഒരു ജീവിതോപാധിയെന്ന നിലയിൽ ഉദ്യോഗം സ്വീകരിച്ചവരാണ്. അവരെ മാന്യമായി ജോലി ചെയ്യാനനുവദിച്ചില്ലെങ്കിൽ കുറ്റവാളികളും കുറ്റകൃത്യങ്ങളും വർദ്ധിക്കും. ക്രമസമാധാനം തകരും. അമിതമായി അദ്ധ്വാനഭാരം അടിച്ചേൽപ്പിച്ചും കുറ്റകൃത്യങ്ങൾക്കുനേരെ കണ്ണടയ്ക്കാൻ നിർദ്ദേശിച്ചും നിരപരാധികളെ കള്ളക്കേസ്സുകളിൽ കുടുക്കാൻ ആജ്ഞാപിച്ചും പോലീസ് സേനയുടെ ആത്മവീര്യം തകർക്കുന്നത് പരിഷ്കൃത സമൂഹത്തിന് ഭൂഷണമല്ല.

രാഷ്ട്രീയ - വർഗ്ഗീയ സമ്മർദ്ദങ്ങളില്ലെങ്കിൽ നമ്മുടെ പോലീസ് സേന ലോകത്തെ ഏറ്റവും പ്രതിഛായ കൂടിയ ജനസേവകരായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല. അത്രമാത്രം കഴിവും സാമർത്ഥ്യവുമുള്ളവരാണ് സേനയിലെ ബഹുഭൂരിപക്ഷവും.

രാഷ്ട്രീയക്കാരാണ് ആദ്യം നന്നാകേണ്ടത്; മറിച്ചായാൽ തെമ്മാടികൾ നാടും നഗരവും തെരുവുകളും കൈയടക്കും. ജനങ്ങൾ ഗുണ്ടകളെ സഹിച്ചും ഭയന്നും കഴിയേണ്ടിവരും. ഗുണ്ടാരാജ് സാർവ്വത്രികമാകും.

✵

# സുഭാഷിതം

## 'അമ്മ'



*Er. കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

'മാതൃ ദേവോ ഭവ
പിതൃ ദേവോ ഭവ
ആചാര്യ ദേവോ ഭവ
അതിഥി ദേവോ ഭവ'

ഇതാണ് നമ്മുടെ സംസ്കാരം. മാതാവ്, പിതാവ്, ആചാര്യൻ, അതിഥി ഇവരെ ദൈവ തുല്യം കാണണമെന്ന സംസ്കാരം. ഈ സംസ്കാരമാണ് ഭാരതത്തെ ഇതര രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

ഇന്ന് ഈ ചിന്താഗതിക്ക് മാറ്റം വന്നിട്ടില്ലേ..? നാം ആത്മ പരിശോധനയ്ക്ക് വിധേയനാകേണ്ടിയിരിക്കുന്നു. നാട്ടിലെ വൃദ്ധസദനങ്ങളുടെ വർദ്ധനവും, വിദ്യാലയങ്ങളിലെ അതിക്രമങ്ങളും, ഞാനും എന്റെ ആളും മാത്രമായി ഒതുങ്ങുന്ന കുടുംബവും; അതാണ് തെളിയിക്കുന്നത്.

ഇതിൽ അമ്മയുടെ കാര്യം ചിന്തിച്ചു നോക്കാം. അമ്മ മനസ്സിന്റെ ശക്തി കണ്ടെത്താൻ മനുഷ്യന്റെ ഒരു കണ്ടുപിടിത്തത്തിനും സാധ്യമല്ല. വീടിന് വെളിയിൽ ആരെങ്കിലും പോയാൽ അയാൾ തിരിച്ച് വീട്ടിലെത്തുന്നതുവരെ തേങ്ങലോടെ കാത്തിരിക്കുന്ന ഹൃദയം...!

ദൈവത്തിനോടുള്ള പ്രാർത്ഥനയിൽ സ്വന്തം ദുഃഖം പറയുവാൻ മറന്നുപോകുന്ന നിസ്വാർത്ഥിയായ പാവം....!

മാതൃസ്നേഹം അനുഭവിക്കുന്നവർ മാത്രമല്ല കാണുന്നവരിലും അതിന്റെ ഫലം ഉണ്ടാകുന്നു. ഒരിക്കൽ നബി നടന്നു പോവുകയായിരുന്നു. അപ്പോൾ, ഒരു ശബ്ദം കേട്ടു. നോക്കിയപ്പോൾ മരത്തിൽ കെട്ടിയിട്ട ഒരു മാൻ കരയുന്നു.തൊട്ടുടുത്തായി വേട്ടക്കാരനും. നബിയെ കണ്ടപ്പോൾ ആ പെണ്മാൻ തേങ്ങി കരയാൻ തുടങ്ങി.

നീ എന്തിനാണ് കരയുന്നത് ? നബി തുടങ്ങി.

വളരെ ദയനീയമായി നബിയെ നോക്കി മാൻ പറഞ്ഞു; പ്രവാചകരെ, രണ്ട് ദിവസം മുമ്പാണ് ഞാൻ രണ്ട് കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയത്. എന്റെ അരുമ സന്തതികൾ ഈ മലഞ്ചെരിവിൽ എന്നെ കാണാതെ വിഷമിച്ചിരിക്കയായിരിക്കും. ഈ വേട്ടക്കാരൻ എന്നെ പിടിച്ച് ഇവിടെ കെട്ടിയിട്ടിരിക്കുന്നു. അവസാനമായി എന്റെ മക്കളെ മുലയൂട്ടാനുള്ള അവസരം ഉണ്ടാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. മാനിന്റെ ദയനീയമായ കരച്ചിൽ നബിയെ സങ്കടത്തിലാക്കി.

നബി വേട്ടക്കാരനോടായി പറഞ്ഞു: സഹോദരാ, ഈ മാനിനെ അല്പസമയത്തേക്ക് കെട്ടഴിച്ചു വിടു. അത് തന്റെ മക്കൾക്ക് മുലയൂട്ടി തിരിച്ചുവരട്ടെ.

നബിയുടെ വാക്കുകൾ വേട്ടക്കാരനനുസരിച്ചു കെട്ടഴിക്കേണ്ട താമസം ശരം കണക്കെ മാനോടി മറഞ്ഞു. വേട്ടക്കാരനറിയാം മാനിനിവരില്ലെന്ന്. എന്തതിശയം ! അല്പ

കവിത

# നൻമകൾ തുടരും...



*Er. ദീപിക ഡി.റ്റി.*
അസിസ്റ്റന്റ് എഞ്ചിനീയർ

**അ**വർ നൻമയുടെ ജന്മങ്ങൾ !
കനിവിന്റെ കണികകൾ പേറും,
കാരുണ്യകരങ്ങൾ ഒരിക്കലും മടക്കാത്ത,
ഉറവ വറ്റാത്ത വലിമയുടെ നേരുകൾ...

പുതുതലമുറയ്ക്കുണ്ട് ഒരുപാട് തിരക്കുകൾ.
നല്ലതോ കെട്ടതോ, തിരയില്ല രാപകൽ.
എങ്കിലുമൂറുന്നു നൻമയുടെ നനവിന്നും...
ചിലതിലെങ്കിലും ചെറുപ്പമാം മാനസങ്ങളിൽ....

മഹാപ്രളയമോ മാരിയോ സുനാമിയോ,
മഹാവിപത്തുകൾ എത്രയതാകിലും,
മാനവഹൃദയങ്ങളിൽ ഏതിലെങ്കിലുമിന്നും
മായാതെ മറയാതെ നിൽക്കുന്നു നൻമ!

നിലനിൽക്കണമത്രേ ഈ ഭൂമിയും പ്രപഞ്ചവും
അനിനത്രേ തമ്പുരാൻ തുടരുന്നിതെന്നും
നൻമയുടെ വൻമരങ്ങൾ വേരറ്റുവീണാലും
നാമ്പുകൾ കിളിർക്കുമത്രേ 'നന്മ' പിന്നെയും
ചൊരിയാൻ....!

*(കോവിഡ് ബാധിത കാലങ്ങളിൽ സഹായിച്ച പുതു തലമുറയിലെ രണ്ട് നന്മകൾക്ക് ഇത് സമർപ്പിക്കുന്നു.)*

---

സമയത്തിന് ശേഷം അതാ മാൻ തിരിച്ചു വരുന്നു. നബിയോടുള്ള നന്ദി ആ മാനിന്റെ മുഖത്തുണ്ടായിരുന്നു; വേട്ടക്കാരനത്ഭുതവും. വേട്ടക്കാരനിൽ നിന്നും രക്ഷപ്പെട്ട മൃഗം തിരിച്ചുവന്നിരിക്കുന്നു.....!അതിശയം തന്നെ ....!

നബി പറഞ്ഞു : സഹോദരാ, ഈ സാധു മൃഗം അതിന്റെ വാക്ക് പാലിച്ചിരിക്കുന്നു. ഇനി നിങ്ങൾക്കതിനെ കെട്ടിയിടാം.

ഇല്ല പ്രവാചകരെ, ഈ സാധു ജീവി അങ്ങയുടെ മുന്നിൽ കാണിച്ച സത്യസന്ധതയോടെയുള്ള മാതൃസ്നേഹം എന്നെ അത്ഭുതപ്പെടുത്തി എന്റെ കണ്ണ് തുറപ്പിച്ചിരിക്കുന്നു. ഞാനിതിനെ സ്വതന്ത്രയാക്കുന്നു. മേലിൽ ഒരു ജീവിയേയും ഞാൻ വേട്ടയാടില്ലെന്ന് അങ്ങേക്ക് വാക്കു തരുന്നു.

അമ്മയുടെ സ്നേഹത്തോടെയുള്ള ഒരു നോട്ടം മതി ജീവിതത്തിലെ ഏത് പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടുവാൻ.

കുരുക്ഷേത്ര യുദ്ധം. ദുര്യോധനൻ അമ്മ ഗാന്ധാരിയെ കാണാൻ ചെന്നു. അമ്മേ അനുഗ്രഹിക്കണം.

കണ്ണ് മൂടികെട്ടിയ അമ്മ മകനോട് കുളിച്ച് പൂർണ്ണ നഗ്നനായി പിറന്നപോലെ വരാൻ പറഞ്ഞു. ദുര്യോധനനനുസരിച്ചു. കുളിച്ച് പൂർണ്ണ നഗ്നനായി വന്ന ദുര്യോധനൻ അമ്മയെ വിളിച്ചു. ഗാന്ധാരി കണ്ണിന്റെ കെട്ടഴിച്ചു. നാണം വന്ന ദുര്യോധനൻ ഒരു തുടമേൽ മറ്റെ തുടവെച്ച് നാണം മറച്ചു.

എന്റെ ദൃഷ്ടി പതിഞ്ഞ ശരീരഭാഗത്താൽ നിനക്ക് മരണം സംഭവിക്കാതിരിക്കട്ടെ. ഗാന്ധാരി ആശീർവദിച്ചു.

ഗാന്ധാരിയുടെ ദൃഷ്ടി പതിയാത്ത തുടയ്ക്ക് ഏറ്റ ഭീമന്റെ ഗദ പ്രഹരമാണല്ലൊ ദുര്യോധനന്റെ മരണത്തിന് കാരണമായത്.

അതാണ് അമ്മ മനസ്സിന്റെ ശക്തി.. !

മാതാപിതാക്കളുടെ സ്നേഹത്തിന് പാത്രമാകാൻ ഏവർക്കും സാധിക്കുമാറാകട്ടെ...

# GRACE and GRATITUDE

*Er. Thomas Kolanjikombil*
Maramon.

The latin word gratus/gratis provides root word for grace, gracious, grateful, gratify, gratitude, gratuity and gratuitous. These related words also mean "a gift". As noun one meaning of grace is, the quality of behavior that is polite, pleasant and deserves respect. Gratitude exhibits the quality of being thankful. Gratitude is to show appreciation for and to return kindness. Gratitude is expressing that we are contented, pleased, indebted and satisfied. Gratuity is the sum of money paid by the employer to the employee in appreciation of the services rendered. Gratitude springs from grace and gratitude flourishes in the sphere of grace. Gratitude is a response to grace. Gratitude is the feeling of happiness to somebody who has shown some undeserved kindness, ie, who has been gracious to us. The expression of gratitude is an expression of humility and encouragement. When we say "thank you" to someone, we humble ourselves. When we say "thank you" to somebody, for their services for which we have paid and they are doing their duty, it is telling them that we are not eager to exalt ourselves as one who owe their service, we don't presume upon their service as our due, but we are happy to position ourselves as a person who receive their grace.

In religions the idea of grace and gratitude has fundamental importance. God's relation to the world as a whole and particularly to each of us is "One of giving". The world is sustained by His gift, is the nature of religious people. Grace is the term, the christians use to describe God's unconditional love for everybody, whether we are worthy or not. For christians redemption and salvation are gift of God. The christian prayer greets Virgin Mary with words "Hail Mary full of grace..... Koran open with the verse 'Bismillah Al-rehman Al-rahim" = in the name of God the most gracious the most merciful. 'Kripa' is the concept of divine grace in hinduism. It is the central tenant of Bhakhi Yoga. An associated word "charity' is also an essential part of all religions. Charity does not raises us to God, but comes down to us from God. Give thanks to God in the morning for giving one more day to work hard on something worth doing. There are so much in life to be grateful to Him. How many times He has rescued us, when we were unaware that we are in danger, when we fell He propped so that we may not fall flatly. Every time we are saved He wanted us to lead a more qualified life.

Laughing is, grace and gratitude all wrapped into one joyful expression. Grace and gratitude are solutions to our stress. Stress makes us weak. When we are grateful we cannot be fearful. Life is too mysterious to be serious. Gratitude is a powerful catalyst for happiness. Happiness is the spiritual experience of living every minute with love, grace and gratitude. Open our hearts in gratitude, bring us into grace. Gratitude turns what we have, into enough and more. It turns denial into acceptance, chaos into order and confusion into clarity. It brings peace and vision for tomorrow

The greatest attitude is the attitude of gratitude. Give thanks to everything. When we gift something, we are relinquishing its ownership while demanding nothing in exchange. When we gift, we feel a surge of affection to that person. In giving that is our benefit. Greatest gifts are those that can never reciprocated. Like the gift of life and nurture that a mother gives to her child or gift of his own life a soldier makes when he dies for the country. Gratitude is our acknowledgement for these acts. The more grace we extend to ourselves, the more we have to extend to others. Even in the uncertainties of life with a reserve of grace and gratitude we can sail through the hard stuff and come out stronger. The more grateful we are,  for who we are, what's on inside, the more grateful we can for the stuff outside. Try to be grateful for everything. Remember we are dependent on Something Greater. We take many things for granted. When we breathe God's air freely no one takes air seriously. But on ventilator in a hospital air cost us dearly. Covid-19 had taught this. When we change the way we look at things we see things differently. Gratitude empower our minds. Gratitude support our immune system. It makes us stronger. When we are grateful in life, we will have more things to be grateful

Don't take everything for granted. Take things with gratitude. Be a human of great gratitude. Make it your signature.

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor

**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# CEA സുരക്ഷാ നിയമം സംബന്ധിച്ച സുപ്രീം കോടതി വിധിയും KSEBL ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങളും സങ്കീർണ്ണതകളും.

*Er. സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**ബ**ന്ധപ്പെട്ട കേസിലെ സിവിൽ അപ്പീൽ പ്രകാരം 18/02/2022 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൽ ആത്യന്തികമായി CEA യുടെ സുരക്ഷാനിയമത്തിൽ യാതൊരു ഇളവും നൽകിയിട്ടില്ല എന്നതാണ് കാണുന്നത്.

എന്നാൽ വൈദ്യുതി നിയമത്തിലെ കമ്പനി Transfer Scheme -ന്റെ 131 & 133 വകുപ്പുകൾ പ്രകാരം 31/10/2013 ൽ സർവീസിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ചു കൊണ്ടുള്ള കേരളാ ഹൈക്കോടതിയുടെ കണ്ടെത്തലിനെ സുപ്രീം കോടതി അംഗീകരിക്കുന്നു എന്ന് ഉത്തരവ് പറയുന്നു.

CEA നിയമത്തിലെ റഗുലേഷൻ 116 - കാര്യത്തിൽ CEA യുടെ അധികാര പരിമിതിയും റഗുലേഷന്റെ നിയമസാധുതയും സംബന്ധിച്ച വിഷയത്തിൽ പരാതിക്കാർ press ചെയ്യാത്തതുകൊണ്ട് അക്കാര്യം പരിശോധിച്ചില്ല എന്നും പറയുന്നുണ്ട്.

CEA യ്ക്ക് വേണ്ടി ഹാജരായ കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സൊളിസിറ്റർ ജനറൽ, റഗുലേഷൻ 116 ന്റെ നിയമസാധുത പരാതിക്കാർ ചോദ്യം ചെയ്യാത്തതുകൊണ്ട് CEA യ്ക്ക് ഈ അപ്പീലിൽ കാര്യമായ റോളില്ല എന്നും റഗുലേഷൻ-116 പ്രകാരം സംസ്ഥാന സർക്കാരിന് ബന്ധപ്പെട്ട റഗുലേഷനുകളിൽ deviation വരുത്താൻ അധികാരം ഉണ്ട് എന്നും എന്നാൽ 'lump sum exemption' ചെയ്യാൻ പാടില്ല എന്നുമാണ് നിലപാട് സ്വീകരിച്ചത്.

അതുകൊണ്ടു തന്നെ CEA യുടെ ചട്ടം 116 പ്രകാരമുള്ള 13/02/2019 ലെ സർക്കാരിന്റെ ഉത്തരവ് നിയമവിരുദ്ധമല്ല എന്നു സുപ്രീം കോടതി പറഞ്ഞത് സർക്കാരിനെ ഒരു embarrassment -ൽ നിന്നും രക്ഷിച്ചിരിക്കുന്നു.

എന്നാൽ 13/02/2019 ലെ സർക്കാരിന്റെ ഉത്തരവ് ശരിയല്ലാത്തതിനാൽ അത് ക്യാൻസൽ ചെയ്ത കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തെ സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു.

അങ്ങനെ 31/10/2013 ൽ സർവീസിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കപ്പെട്ടു.

എന്നാൽ 31/10/2013 ന് ശേഷം നിയമിച്ചവരുടെ ഭാവി തുലാസ്സിലായി എന്നതാണ് വാസ്തവം.

31/10/2013 ന് ശേഷം നിയമിക്കപ്പെട്ടവർക്ക് ഭാവനയിൽ പോലും സംരക്ഷണത്തിന് അർഹത ഇല്ല എന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി നിരീക്ഷിച്ചിരിക്കുന്നത്.

KSEBL-ന്റെ വക്കീൽ ശ്രീ. ദിനേശ്, യോഗ്യതയുള്ളവരെ ജനറേറ്റിംഗ് സ്റ്റേഷനുകളിലും ഇലക്ട്രിക്കൽ പ്ലാന്റുകളിലും പ്രസരണ-വിതരണ ശൃംഖലയുടെ ജോലികളിലും നിയമിക്കാൻ ശ്രമിക്കും എന്ന് സുപ്രീം കോടതിക്ക് കൊടുത്ത വാഗ്ദാനം, ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും അടക്കം ഇനിയെടുക്കുന്ന തീരുമാനങ്ങൾ ബാധകമാണ് എന്നതും ഇവിടെ പ്രസക്തമാണ്.

31/10/2013 ന് ശേഷം നിയമിക്കപ്പെട്ട ജീവനക്കാരുടെ ഭാവി എന്ത് എന്നതും എന്തു ചെയ്യാനാകും എന്നതും ഇത്തരുണത്തിൽ പരിശോധിക്കേണ്ടത് ആവശ്യമാണ്.

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ 31/10/2013 ന് ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ബന്ധപ്പെട്ട തസ്തികയിൽ CEA നിർദ്ദേശിക്കുന്ന യോഗ്യത നേടിയെടുക്കുവാൻ ഒരു പ്രാവശ്യം സമയം അനുവദിക്കുന്നത് സർക്കാരിന് പരിഗണിക്കാം എന്നു പറയുന്നുണ്ട്.

അതായത് 31/10/2013 ൽ സർവീസിൽ ഉണ്ടായിരുന്നവർക്ക് ലഭിച്ച സേവന വേതന വ്യവസ്ഥകളുടെ സംരക്ഷണം 31/10/2013 ന് ശേഷം സർവീസിൽ വന്നവർക്ക് ലഭിക്കില്ല എന്നും അവരുടെ നിയമനം നിയമാനുസൃത മാകുന്നതിന് CEA യുടെ ചട്ടപ്രകാരമുള്ള യോഗ്യത നേടിയേ തീരു എന്നും അതിനായി ഒരു പ്രാവശ്യം സർക്കാരിന് സമയം അനുവദി ക്കാം എന്നും സാരം.

എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ 31/10/2013 ശേഷം നിയമിച്ചവർക്ക് ഭാവനയിൽ പോലും സേവന വേതന വ്യവസ്ഥയുടെ സംരക്ഷണം ലഭിക്കാൻ അർഹതയില്ല എന്ന് ബഹുമാന പ്പെട്ട സുപ്രീം കോടതി നിരീക്ഷിക്കുന്നു.

ഡിവിഷൻ ബഞ്ച് വിധി അംഗീകരിച്ചു അപ്പീൽ അതേപടി തള്ളുകയല്ല ഇവിടെ ബഹുമാനപ്പെട്ട സുപ്രീം കോടതി ചെയ്തത്. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ യിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ കണ്ടെത്തലുകൾ അംഗീകരിക്കുക യാണ് ചെയ്തത്.

എന്നാൽ കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 31/10/2013 ന് ശേഷം സർവീസിൽ വന്നവർക്ക് വേണ്ട യോഗ്യത നേടാൻ കേരള സർക്കാരിന് ഒറ്റത്തവണ അനുവദിക്കാമെന്നു പറഞ്ഞ സമയ പരിധിയെ പ്പറ്റി ബഹുമാനപ്പെട്ട സുപ്രീം കോടതി പരാമർശിക്കുന്നതേയില്ല.

ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയിലെ കണ്ടെത്തലുകൾ ശരിവയ്ക്കുക മാത്രമാണ് സുപ്രീം കോടതി ചെയ്തത്.

ഹൈക്കോടതി ഡിവിഷൻ ബഞ്ച് 31/10/2013 ന് ശേഷം സർവീസിൽ വന്നവർക്ക് CEA ചട്ടങ്ങൾ പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടാനുള്ള ഒറ്റത്തവണ സമയ പരിധി സർക്കാരിന് കൊടുത്ത ഒരു ഓപ്ഷനാണ്. അത് നാളിതു വരെ ഉപയോഗിക്കാതെ കാര്യ ങ്ങൾ സങ്കീർണ്ണമാക്കുകയാണ് ഉണ്ടായത് എന്നതാണ് വാസ്തവം.

ചുരുക്കിപ്പറഞ്ഞാൽ 31/10/2013 ന് ശേഷം സർവീസിൽ വന്നവരുടെ ഭാവി തുലാ സിലാണ്. അവരുടെ ഭാവിയെ സംബന്ധിച്ച കൃത്യവും വ്യക്തവുമായ ഒരു നിർദ്ദേശം ബന്ധപ്പെട്ട ഭരണഘടനാ കോടതികളിൽ നിന്നും എത്രയും വേഗം ലഭിക്കേണ്ടത് കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകാതിരി ക്കുന്നതിനും KSEBL ജീവനക്കാർ എന്ന നിലയിലെ അവരുടെ ഭാവിക്കും അത്യന്താപേ ക്ഷിതമാണ്.

ബന്ധപ്പെട്ടവർ അതിനുവേണ്ട നടപടി കൾ എത്രയും വേഗം എടുക്കും എന്നു പ്രതീ ക്ഷിക്കാം.

✵

*Condolences & prayers for the departed soul."*



**Er. Lorance K.M.**
Deputy Chief Engineer *(Rtd.)*



**Er. Ananthakrishnan**
Cheif Engineer *(Rtd.)*

G.H. Krishna Iyer
Deputy Chief Engineer (Retd.) &
Former President,
KSEB Engineers' Association

Thiruvananthapuram
02-02-2022

To

The Chairman & MD, KSEBL,

Dear Dr. B. Ashok,

I had the pleasure of reading your article "Vimarsikkaam; Thozhilalikale apamaanikkaruthu" (വിമർശിക്കാം; തൊഴിലാളികളെ അപമാനിക്കരുത്) got forwarded in the whatsapp group.

This letter is written just to acknowledge the good words penned by you under the above caption. Your attitude in steering KSEBL in the desired direction is really commendable. Only a true and intelligent administrator will be keen to identify the worthiness of the employees of the organization, and boost their morale appropriately. I used to read your articles from the days you were the Vice Chancellor of Agriculture university, and your approach seemed to be unique and heartening.

KSEB is a spoilt Public Sector Organization in Kerala, with the overindulgence of party politics with the vested interests among a faction of employees, together with maladministration by the politically appointed self-seeking unfits. If the Engineers, Officers, Staff and Work force feel that they are doing a thankless job, and even to get their simple and genuine grievances redressed, they have to fight them out in the court, it is disgraceful. This happened at a time, when a Forester occupied the post of the coveted Chairmanship. Every employee was made to fight in the Court for the legitimate and mandatory benefits. Every pensioner was to fight in High Court for the enhanced DCRG. In one case, even the Lok Ayukta ordered the Chairman, to show cause why he should not be declared as unfit to hold the post. He wriggled out complying with the Lok Ayukta Orders, after protracted legal battle.

I narrated the above incidents after realizing the contrast in your approach in fully owning the employees of the organization, you head. A committed administer alone can instill confidence and pride in the hearts of the employees, in the manner in which you have done now.

I am happy to appreciate your outlook and devotion in the present administrative assignment. As having worked for above thirty years in KSEB, I know fully well, the quality and dedication of the Technical workforce, which you have rightly highlighted in the note. Give them due credit for all the good works done, while resorting to unhesitating rebuke when warranted. They are reliable. They will strengthen your hands. Perhaps, it may be you, Dr. B. Ashok, who is destined to be regarded as the best KSEBL Chairman of recent time.

Wishing you best of luck,

Yours faithfully,
G.H. Krishna Iyer










*Paintings by*
*Er. N. Babulal*
*Exectutive Engineer (Rtd.)*

**KSEB ENGINEERS' ASSOCIATION**
Hydel Bullet Monthly
RNI Reg.No.KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP/203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 26-02-2022

# Covid 19
# വേണ്ടത് ഭയമല്ല ജാഗ്രതയാണ്

## വീട്ടിൽ സാധനങ്ങൾ എത്തിക്കുന്നത് (ഹോം ഡെലിവറി) സുരക്ഷിതമാണോ

- കൂടുതൽ ആളുകളുമായുള്ള ഇടപെടൽ ഈ രീതിയിലൂടെ ഒഴിവാക്കാനാവും.
- ഹോം ഡെലിവറി നടത്തിയാൽ കൂടുതൽ ആളുകൾ കടയിൽ പോകുന്നതും ഒഴിവാക്കാനാവും



Edited, Printed & Published by Muraly P, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in
at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com
For private circulation only